നിയമനിർമ്മാണകാര്യം *(തുടർച്ച)*

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെൻഡ്മെന്റ് ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെൻഡ്മെന്റ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, 2005-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾ സംബന്ധിച്ചുള്ള ഭേദഗതി ബില്ലിന് വിയോജനക്കുറിപ്പ് ഞങ്ങൾ രേഖപ്പെടുത്തി. ഇതിന് മുമ്പ് പാസ്സാക്കിയ യൂണിവേഴ്സിറ്റി അമെൻഡ്മെന്റ് ബില്ലിന് രേഖപ്പെടുത്തിയതിൽനിന്നും ശക്തമായിട്ടുള്ള എതിർപ്പ് രേഖപ്പെടുത്തുകയാണ്. ഇതിന്റെ ഒറിജിനൽ ബിൽ വന്ന സമയത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള നിയമനം സംബന്ധിച്ച് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള മാനദണ്ഡങ്ങൾ മൗലികമായി മാറ്റുന്ന രൂപത്തിലേക്കുള്ള നിലയാണ് ഈ ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്. മാനേജ്മെന്റ് ക്വാട്ടയിലുള്ള 15 ശതമാനത്തിൽ കവിയാത്ത സീറ്റുകളിൽ എന്ന വാക്കുകൾക്ക് പകരം മാനേജ്മെന്റ് ക്വാട്ടയിലുള്ള 15-ൽ കവിയാത്ത സീറ്റുകളിൽ എന്നാക്കിയിരിക്കുകയാണ്. അത് എണ്ണത്തിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. നേരത്തെ മാനേജ്മെന്റ് ക്വാട്ടയിൽ കൊടുത്ത 50% സീറ്റുകളിൽ പ്രവാസി ഇന്ത്യാക്കാരുടെ ആശ്രിതർക്ക് 15 ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ കൊടുക്കുമെന്നുള്ള വകുപ്പ് ഉണ്ടായിരുന്നു. ഈ ഭേദഗതിയുടെ ഒരു പ്രത്യേകത 2004 ജൂലൈ മാസം 15 മുതൽ മുൻകാലപ്രാബല്യം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യമാണ് ചോദിക്കാനുള്ളത്. എന്തിനാണ് ഇത്തരം ഒരു ഭേദഗതി നിങ്ങൾ കൊണ്ടുവന്നിട്ടുള്ളത്? നമ്മളിവിടെ പാസ്സാക്കിയിട്ടുള്ള നിയമം ഒരു വഴിക്കായി; അതൊന്നും നടപ്പാക്കാൻ കഴിയുന്നില്ല. ഈ ബിൽ പാസ്സാക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് പങ്കുണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഒരു കാര്യം പറയാം. 100 സീറ്റുള്ള ഒരു സ്വകാര്യ മെഡിക്കൽ കോളേജിൽ 8 സീറ്റുകൾ വിൽക്കാൻ കഴിയും. കാരക്കോണം ഒരു ഉദാഹരണമായി എടുക്കാം. 50 സീറ്റ് അവർക്ക് കിട്ടുന്നുണ്ട്. നിലവിലുണ്ടായിരുന്ന നിയമപ്രകാരം 15% എന്നുപറഞ്ഞാൽ 7 സീറ്റ് ആണ് കൂട്ടാൻ കഴിയുക 8 സീറ്റ് കൂട്ടിയാലും കുഴപ്പമില്ല. കേരളത്തിലെ, ബഹുജനങ്ങളും വിദ്യാർത്ഥികളും യൂണിവേഴ്സിറ്റിപോലും മൊത്തമായി അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

പ്രകടിപ്പിച്ചിട്ടുള്ള കാരക്കോണം മെഡിക്കൽ കോളേജുപോലുള്ള ഒരു സ്ഥാപനത്തിന് 8 സീറ്റുകൾ വിൽക്കാം. അത്രയും സീറ്റുകൾക്ക് 25 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപവരെ വാങ്ങാം. യഥാർത്ഥത്തിൽ സാധാരണഗതിയിൽ വാങ്ങുന്ന ആവറേജ് കോഴയുണ്ട്. 25 ലക്ഷം രൂപവരെയുള്ള ആ കോഴ, പ്രവാസി ഇന്ത്യാക്കാരുടെ ആശ്രിതർക്ക് സീറ്റ് കൊടുക്കുമ്പോൾ, ആ പേര് പറഞ്ഞുകൊണ്ട് എല്ലാ സ്ഥലത്തും അവരുടെ കയ്യിൽനിന്നും കൂടുതൽ തുക വാങ്ങുകയാണ്. അപ്പോൾ കൂടുതൽ പണം വാങ്ങാൻവേണ്ടി 8 സീറ്റ് അവർക്ക് വേണ്ടി കൊടുക്കുകയാണ്. എന്താവശ്യത്തിനാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്? മാനേജ്മെന്റിന് 50 സീറ്റ് വിൽക്കാമല്ലോ? ആ നിലയ്ക്ക് പ്രവാസി ഇന്ത്യാക്കാരുടെ കയ്യിൽനിന്നും കൂടുതൽ പണം വാങ്ങാൻവേണ്ടിയുള്ള ദുരുദ്ദേശം മാത്രമാണ് ഈ ബില്ലിന് പിന്നിലുള്ളത്. നേരത്തേയുള്ള റിസർവേഷന് മുകളിലാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 8 സീറ്റ് കച്ചവടം ചെയ്യുമ്പോൾ 25 ലക്ഷം രൂപ വച്ച് 2 കോടി രൂപയുടെ ഇടപാട് നടക്കും. ബഹുമാനപ്പെട്ട മന്ത്രി എന്തിന് ഇത്തരം ഒരു ഭേദഗതിക്ക് കൂട്ടുനിന്നു എന്നറിയില്ല. എന്താവശ്യമാണ് ഇത്തരം ഒരു കാര്യത്തിനുള്ളത്? അതുപോലെ നിങ്ങളുടെ ദുരുദ്ദേശത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. ഈ നിയമത്തിന് 2004 ജൂലൈ മാസം 15-മുതൽ എഫക്ട് കൊടുക്കുന്നത് എന്തിനാണ്? നേരത്തെ നടത്തിയിട്ടുള്ള കച്ചവടം കൂടി അംഗീകരിക്കാനാണോ? നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചു. 2 കോളേജ് കൊടുക്കുമ്പോൾ ഒരു കോളേജ് ഗവൺമെന്റ് കോളേജിന് തുല്യമെന്ന് നിങ്ങൾ പറഞ്ഞില്ലേ? ആ ഏർപ്പാട് നടപ്പാക്കിയിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ആ സ്ഥാനത്തില്ല. ഇപ്പോൾ അദ്ദേഹം പുറത്തുപോയി വിലപിക്കുകയാണ്. അദ്ദേഹം പറയുന്നത് സ്വകാര്യ പ്രൊഫഷണൽ മാനേജ്മെന്റുകൾ ഞങ്ങളെ കബളിപ്പിച്ചുവെന്നാണ്. ഈ സ്വകാര്യ പ്രൊഫഷണൽ മാനേജ്മെന്റുകൾ വഞ്ചിക്കുമെന്നതുകൊണ്ട് അതുസംബന്ധിച്ച് ജാഗ്രതയോടെ നിൽക്കണം എന്ന് ഞങ്ങൾ പറഞ്ഞു; നിങ്ങളത് കേട്ടില്ല. വരുന്നവർക്കും പോകുന്നവർക്കുമെല്ലാം എൻ. ഒ. സി. വാരിക്കോരി കൊടുക്കരുതെന്ന് പറഞ്ഞു. നിങ്ങൾ കേട്ടില്ല. ആവശ്യമുള്ള സ്ഥാപനങ്ങൾ സർവ്വേ അടിസ്ഥാനത്തിൽ കൊടുക്കാൻ പറഞ്ഞു. നിങ്ങൾ കേട്ടില്ല. അങ്ങല്ല അങ്ങേക്ക് മുമ്പുണ്ടായിരുന്ന ശ്രീ. നായനാരുടെ സുപ്രിയും അന്നത്തെ മുഖ്യമന്ത്രിയും ചോദിച്ചവർക്കെല്ലാം, പ്രൊഫഷണൽ കോളേജുകളും മെഡിക്കൽ കോളേജുകളും, എൻജിനീയറിംഗ് കോളേജുകളും നഴ്സിംഗ് കോളേജുകളും വാരിക്കോരി അനുവദിച്ചുകൊടുത്തു. ഇപ്പോൾ അത് കിട്ടിക്കഴിഞ്ഞപ്പോൾ അവർ അവരുടെ വഴിക്കുപോയി. അവർ കോടതിയിൽ പോയി, അവർ സ്വാധീനിക്കേണ്ട സ്ഥലത്ത് അത് ചെയ്തു. ഇപ്പോൾ കിട്ടിയോ?

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുൾപ്പെടെ അർഹമായ പ്രാതിനിധ്യം കൊടുത്തുകൊണ്ട് കേരളത്തിൽ 50 കൊല്ലമായി ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള പൊതുവിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായി തകർത്തെറിഞ്ഞിരിക്കുകയാണ്. പിന്നോക്കക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, സാധാരണക്കാർ അവർക്കൊന്നും ഈ മേഖലയിലേക്ക് കടന്നുവരാൻ കഴിയാത്ത രൂപത്തിലായിക്കഴിഞ്ഞിരിക്കുകയാണ്. സമ്പന്ന പ്രമാണിമാർക്കും ലക്ഷങ്ങൾ കൊടുക്കാൻ കഴിയുന്നവർക്കും മാത്രമായി പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ ഒതുക്കിത്തീർക്കുക എന്നുള്ള പണി ചെയ്ത കൂട്ടമാണ് നിങ്ങൾ. ഇപ്പോൾ വീണ്ടും അവർക്ക് കൂടുതൽ പണം വാങ്ങാൻ വേണ്ടി 8 സീറ്റ് പ്രവാസി ഇന്ത്യക്കാർക്ക് കൊടുക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എനിക്ക് ലജ്ജയുണ്ട്. കെ.എസ്.യു.വിന്റേയും യൂത്ത് കോൺഗ്രസ്സിന്റേയും നേതാക്കന്മാരുള്ള ഒരു ഗവൺമെന്റായിരുന്നു ഇത്. അതിപ്പോൾ പോയി. ഇവിടെയിരുപ്പാൾ മുഖ്യമന്ത്രി മുദ്രാവാക്യം വിളിക്കുന്നതിനെ ആക്ഷേപിക്കുന്നതുകണ്ടു. സങ്കടമാണ്, വർണ്ണ സമരത്തിലൂടേയും അതുപോലെതന്നെ കെ.എസ്.യു.വിന്റെ പൊളിപ്പൻ സമരത്തിലൂടേയും ഉയർന്നുവന്ന് ഐ.എൻ.ടി.യു.സി.യുടേയും തൊഴിലാളികളുടേതുമൊക്കെ നേതാവാണെന്ന് പറയുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കുന്നത് അധികാരത്തിന്റെ ഉന്നതങ്ങളിലിരിക്കുമ്പോൾ മാനക്കേടുപോലെ തോന്നുന്നുവെങ്കിൽ ലജ്ജിക്കുകയല്ലാതെ എന്തുചെയ്യും? കിട്ടുന്ന അവസരത്തിൽ തൊഴിലാളികൾ അതിന് മറുപടി പറഞ്ഞുകൊള്ളും. അങ്ങനെ അഹന്ത കാണിച്ചിട്ടുള്ള ആളുകളോട് കേരളത്തിലെ ജനത അവസരം കിട്ടുമ്പോഴൊക്കെ ചോദിച്ചിട്ടുണ്ട്. ഇവിടെയിരുന്ന, കഴിഞ്ഞ ആഗസ്റ്റ് മാസംവരെ മുഖ്യമന്ത്രിയായിരുന്ന ആൾ പുറത്തേക്ക് പോയല്ലോ, സ്വമേധയാ പോകേണ്ടിവന്നില്ലേ? അത് കേരളത്തിലെ ജനങ്ങളുടെ ഒരു വികാര പ്രകടനമായിരുന്നു എന്നുള്ളത് നിങ്ങൾ മറക്കരുത്. ഈ ഗവൺമെന്റ് സ്വകാര്യ ലാഭക്കച്ചവടക്കാരായ മാനേജ്മെന്റുകൾക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണിത്. ബി. എഡ്. കോളേജുകളുടെ കാര്യത്തിൽ എൻ.ഇ.സി. വേണ്ട, സർവ്വകലാശാല വേണ്ട, ഗവൺമെന്റും വേണ്ടെന്നുള്ള തലത്തിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എയ്ഡഡ് കോളേജുകളിലേക്ക് അൺഎയ്ഡഡ് കോഴ്സുകൾ കൊടുത്തു. അത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? എയ്ഡഡ് കോളേജുകളിൽ അൺഎയ്ഡഡ് കോഴ്സുകൾ കൊടുത്തു. ഇപ്പോൾ അവിടെ പ്രധാന കോഴ്സ് അതുമാത്രമായി അവർ advertise ചെയ്യുകയാണ്. എന്തിനാണ് സർവ്വകലാശാലകൾ? എന്തിനാണ് affiliation? എല്ലാ സംവിധാനവും disorder-ലേക്ക് പോവുകയാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്ന വലിയ തോതിലുള്ള പുറംകൊട്ടുപോക്കിന് ഇത് വഴിവെച്ചിരിക്കുകയാണ്. ഇത് കേന്ദ്ര നയത്തിന്റെ ഭാഗമാണ്. സർവ്വകലാശാലകളുമായി ബന്ധപ്പെടാതെ നേരിട്ട് ഗ്രാന്റുകൊടുക്കുന്ന അനുഭവമുണ്ട്. നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയാണ്. NAC-ന്റെ, National Accreditation Council-ന്റെ പേരിൽ കൊടിയ അഴിമതികൾ നടക്കുകയാണ്, ബ്രെബ്ബ് ചെയ്യപ്പെടുകയാണ്, പല സ്ഥലത്തും പീഡനത്തിന് വിധേയമാകുന്നു. നമ്മൾ കൈകെട്ടി കാഴ്ചക്കാരെപ്പോലെ നിൽക്കേണ്ട കാര്യമുണ്ടോ? ഇവിടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെക്കുറിച്ച് പറഞ്ഞല്ലോ, എവിടെയുണ്ട്? ആ ചർച്ച നടന്നോ? അങ്ങേക്കും ആ കാര്യത്തിൽ താത്പര്യമുണ്ട്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലും പ്രൊഫഷണൽ മേഖലയിലും അതുപോലെതന്നെ വിവിധ ഫെഡറൽ ശാഖകളിലും ഏറ്റവും പ്രഗത്ഭരായിട്ടുള്ള, ഏറ്റവും വിദഗ്ദ്ധരായിട്ടുള്ള ആളുകളെ കണ്ടെത്തുക എന്നുള്ളത് കേരളത്തിന്റെ ആവശ്യമാണ്. ഞങ്ങൾക്ക് തർക്കമില്ല. ഇവിടെ മുഖ്യമന്ത്രി നഴ്സിംഗ് കോഴ്സുകളെക്കുറിച്ചു പറഞ്ഞു. എന്താണ് പ്രശ്നമെന്നറിയാമോ? നഴ്സിംഗ് കോളേജ് തുടങ്ങിയാൽ കേരളത്തിൽ പഠിപ്പിക്കാൻ അധ്യാപകരില്ല. കുട്ടികൾ എഴുതുന്ന പരീക്ഷാപേപ്പർ നോക്കാൻവേണ്ടിയുള്ള എക്സാമിനർമാരില്ല. അതിനുള്ള വിദഗ്ദ്ധർ കേരളത്തിലില്ല. ഒന്നും ഇതിന്റെ ഭാഗമായി വരാൻ പോകുന്നില്ല. സമ്പൂർണ്ണമായ സ്വകാര്യവത്ക്കരണത്തിന്റെ, ദേശീയ നയത്തിന്റെ മറപിടിച്ചുകൊണ്ടുള്ള അതിന്റെ തുടർച്ച എന്നുള്ള നിലയ്ക്കാണ് നിങ്ങളിവിടെ സ്വീകരിക്കുന്നത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ മൂന്നാംതീയതി ഈ സഭയിൽ പ്രസംഗിക്കുമ്പോൾ ഞങ്ങൾ മൂന്ന് കോളേജുകൾ കൊടുക്കാൻ പോകുന്നു എന്നാണ് പറഞ്ഞത്. 3-6-2005-ന് അങ്ങ് ഈ സഭയിൽ പറഞ്ഞതാണ്. അത് പത്രങ്ങളിലെല്ലാം വന്നതാണ്. ആ പ്രഖ്യാപനം നേരത്തേ വന്നതാണ്. അങ്ങ് അറിയാത്തതുകൊണ്ടാണോയെന്ന് എനിക്കറിയില്ല, അറിഞ്ഞുകൊണ്ടാണെങ്കിൽ അത് ഈ സഭയോടുള്ള അനാദരവാണ്. കാരണം അങ്ങ് പ്രഖ്യാപിക്കുന്നതിനുമുമ്പുതന്നെ Government of Kerala, Higher Education Department ജൂലൈ മാസം 22-ന് ഈ മൂന്ന് കോളേജുകൾക്ക് അംഗീകാരം കൊടുത്തു. ആ ഓർഡർ ഇങ്ങനെയാണ്, Government are pleased to accord sanction for starting Government Arts and Science College at Kozhinjampara from the year 2005. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിലാണ് കൊടുത്തത്. ഞങ്ങൾക്ക് വിരോധമില്ല. രണ്ട്, കോട്ടയം ജില്ലയിലെ കുമരകത്ത് എസ്.എൻ.ഡി.പി.-ക്ക് ഒരു കോളേജ്. മൂന്ന്, മലപ്പുറം ജില്ലയിലെ നിലമ്പൂർ മുസ്ലീം ഓർഫനേജ് കമ്മിറ്റിക്ക്. അത് വഹാബിനുകൊടുത്ത കോളേജാണെന്നു പറയുന്നു. എന്താണ് ഇതിന് മാനദണ്ഡം? അങ്ങുപറഞ്ഞല്ലോ ഗവൺമെന്റിന് പണമില്ലെന്ന്. ഗവൺമെന്റിന് പൈസയില്ല. ഇവിടെ എയ്ഡഡ് കോളേജ് കൊടുക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഒരു ഗവൺമെന്റ് കോളേജിനുവേണ്ടി ജനങ്ങൾ പൈസ പിരിച്ച് മൂന്ന് നില കെട്ടിടമുണ്ടാക്കി. അതിനുവേണ്ടി ഞാൻ ശ്രീ. നാലകത്ത് സൂപ്പിയുടെ പിന്നാലെ നടന്നതാണ്. ഇപ്പോൾ തെരഞ്ഞാരോ നടക്കുന്നുണ്ടല്ലോ, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേക്ക് ഒരു ഗവൺമെന്റ് കോളേജിന് കോഴ്സ് ചോദിച്ചിട്ട് കൊടുത്തിട്ടില്ല. ഇപ്പോൾ വഹാബിന്റെ മുകളിൽ ധനകാര്യ വകുപ്പുമന്ത്രിക്കും മുട്ടുവിറയ്ക്കുകയാണോ? പണത്തിനുനേരെ പരുന്തും പറക്കില്ല എന്നുപറഞ്ഞിട്ട് ലീഗുകാർ കാണുമ്പോഴൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

പത്ത് പറഞ്ഞു, പേമെന്റ് സീറ്റിൽ രാജ്യസഭാ സീറ്റ് കൊടുത്തു, മെറിറ്റ് സീറ്റ് മജീദിന് കൊടുത്തു എന്നൊക്കെയാണു പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, നിങ്ങളെല്ലാം പോയി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, വഹാബിന് ഒന്നും കൊടുത്തിട്ടില്ല. ഞാനിവിടെ പറഞ്ഞത് ഇങ്ങനെയൊരു ക്ലിയറൻസ് കൊടുത്തിട്ടുണ്ട്, അതെന്തായി എന്നെനിക്കറിഞ്ഞുകൂടായെന്നാണ്. ഓർഡർ ഇഷ്യൂ ചെയ്തോ ഇല്ലയോ എന്നുള്ളത് അറിഞ്ഞുകൂടായെന്ന് ഞാൻ പറഞ്ഞു. ഇങ്ങനെ മൂന്ന് കോളേജിന് പ്രൊപ്പോസലുണ്ടായിരുന്നു, അതിന് ക്ലിയറൻസ് കൊടുത്തിട്ടുണ്ട്. പക്ഷേ അതിനുശേഷം എന്തായി എന്ന് എനിക്കറിയില്ലെന്നുകൂടി ഞാൻ പറഞ്ഞു. എന്നുവച്ചാൽ Whether the Order has been issued or not എന്നർത്ഥം. ഞാൻ ക്ലിയർ ചെയ്തു എന്നുള്ള അർത്ഥത്തിലാണ് പറഞ്ഞത്. പക്ഷേ അതിൽ ഓർഡർ ഇഷ്യൂ ചെയ്തോ എന്ന് എനിക്കറിഞ്ഞുകൂടാ എന്നുള്ള നിലയിലാണ് പറഞ്ഞത്. അത് റിക്കോർഡ് നോക്കിയാൽ അറിയാം. ഞാനത് വ്യക്തമായി പറഞ്ഞു.

ശ്രീ. മത്തായി ചാക്കോ: ക്ലിയറൻസ് കൊടുത്തു എന്നു പറഞ്ഞത് ശരിയായിരിക്കും. 3-8-2005-നാണ് അങ്ങയുടെ പ്രസംഗം ഇവിടെ നടന്നത്. 22-7-2005-ന് ഓർഡർ ഇഷ്യൂ ചെയ്തു. അവർ വളരെ തിരക്കിലാണ്, അങ്ങയെപ്പോലെയല്ല; വഹാബിന്റെ കാര്യം വന്നാൽ പിന്നെ ഫയൽ പോകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? അത് റോക്കറ്റ് വേഗത്തിലല്ലേ പോകൂ, പാസ്സാക്കിയെടുക്കൂ? അങ്ങേക്കും ഞാൻ മെമ്മോറാണ്ടം തന്നിട്ട് ഇപ്പോൾ ഒരു കൊല്ലമായി. മൂന്ന് കെട്ടിടം ഒഴിഞ്ഞുകിടക്കുകയാണ്. ശ്രീ. നാലകത്ത് സൂപ്പിക്ക് എന്നോടുള്ള വിരോധംകൊണ്ട് തന്നില്ല എന്ന് വിചാരിക്കാം. അങ്ങേക്ക് അങ്ങനെയൊരു വിരോധത്തിന്റെ കാര്യമില്ലല്ലോ. ഗവൺമെന്റ് കോളേജിൽ ഒരു കോഴ്സ് കൊടുക്കുന്നില്ല. ഏക്കർ കണക്കിന് സ്ഥലം അവിടെ കിടക്കുകയാണ്. ഗവൺമെന്റ് കോളേജിൽ കോഴ്സ് കൊടുക്കാതെ രണ്ട് സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് കൊടുത്തു. എയ്ഡഡ് കോളേജുകൾ അനിവാര്യമായിട്ടാണെങ്കിൽ എവിടെയെങ്കിലും ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. ഞങ്ങൾ അതിന് വിരോധം പറയുകയുമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഇവിടെ വലിയൊരു ആക്ഷേപം പറഞ്ഞു. അതുംകൂടിപറഞ്ഞ് ഞാൻ നിർത്തുകയാണ്. ഇവിടെ നേരത്തെ പറഞ്ഞ കാര്യങ്ങളുടെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. ഞങ്ങൾ പുരോഗതിക്കെതിരാണ്; വളർച്ചയ്ക്കെതിരാണ്, കമ്പ്യൂട്ടറിനെതിരായിരുന്നു. അതുകൊണ്ടാണ് ആകെ തകരാർ എന്നുള്ള മട്ടിൽ പറഞ്ഞത്. ഇപ്പോൾ സ്വാശ്രയ എൻജിനീയറിംഗ് കോളേജിന്റെ കാര്യത്തിലും പറയുകയാണ്. ഒരു ഘട്ടത്തിൽ ഞങ്ങൾ കമ്പ്യൂട്ടറിനെതിരായിരുന്നു, ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ ഇല്ലെന്ന്. കമ്പ്യൂട്ടർ തൊഴിൽ തിന്നുന്ന ബകൻ എന്ന് ഞങ്ങൾ ലഘുലേഖപോലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് എത്രയോ പതിറ്റാണ്ടുകൾക്കുമുമ്പാണ്. അന്ന് ഞങ്ങൾ കമ്പ്യൂട്ടറിനെ എതിർത്തത് കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽസാധ്യതയില്ലാതാക്കുന്ന ഒരു കാലഘട്ടത്തിലാണ്. കമ്പ്യൂട്ടർ പുതിയ തൊഴിൽസാധ്യത വളർത്തിയ ഒരു ഘട്ടത്തിൽ അതിന് സംവിധാനം വന്നപ്പോൾ ഞങ്ങൾ എതിർത്തിട്ടില്ല. ഞങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നിലപാടെടുത്തു ..... (ബഹളം) ..... അങ്ങനെയൊരു ഘട്ടമുണ്ടായിരുന്നു. ഇന്ന് Information Technology-യുടെ development-ന്റെ ഭാഗമായി .....

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, അങ്ങ് പറയുന്നത് Introduce ചെയ്തിരുന്ന കാലഘട്ടമാണ്. അതുതന്നെയാണ് ഞങ്ങളും പറയുന്നത്. ഒരു പദ്ധതി introduce ചെയ്തുകഴിഞ്ഞാലേ, അതിന്റെ പരീക്ഷണം നടത്തിയാലേ അത് സാധ്യതയുള്ളതാണോ ഇല്ലയോയെന്ന് തീരുമാനിക്കാൻ പറ്റുകയുള്ളൂ. Introduce ചെയ്യുന്ന ഘട്ടത്തിൽത്തന്നെ കമ്പ്യൂട്ടർ തൊഴിൽ നശിപ്പിക്കുമെന്നു പറഞ്ഞ് എതിർത്തു. ഇപ്പോഴും നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. ഒരു പദ്ധതി വരുമ്പോൾ അത് anticipate ചെയ്തുകൊണ്ട് അതിനെ നശിപ്പിക്കുന്ന നടപടികളെടുക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ: ലോകത്തിലെ മനുഷ്യരാശിയുടെ എല്ലാവിധ പുരോഗതിയെയും സ്വാംശീകരിക്കാൻവേണ്ടി കരുത്തുള്ള ഒരു ദർശനമാണ് മാർക്സിസമെന്നു പറയുന്നത്. ഞങ്ങൾ കമ്പ്യൂട്ടറിനെയോ യന്ത്രവൽക്കരണത്തെയോ അതിന്റെ സംവിധാനങ്ങളെയോ മൗലികമായി എതിർക്കുന്നില്ല. ഇപ്പോൾ കയർത്തൊഴിലാളികളുടെ പ്രശ്നം വന്നു. ആദ്യഘട്ടത്തിൽ എല്ലാ യൂണിയനുകളും എതിർത്തല്ലോ, കാരണമെന്താണ്? റാട്ടുവരുമ്പോൾ ആയിരക്കണക്കിനു കയർത്തൊഴിലാളികൾ തൊഴിൽരഹിതരാകുമെന്നുള്ള പ്രശ്നമാണ്. ആ സാധ്യതകൾ വളർന്നുവരുന്നതനുസരിച്ച് മാറ്റം വരുത്തും. Information Technology develop ചെയ്ത സാഹചര്യത്തിൽ; ആയിരക്കണക്കിന് ആളുകൾക്ക് അതിൽ തൊഴിൽ ലഭ്യതയുള്ള ഒരു സാഹചര്യത്തിൽ ഞങ്ങൾ അതിനെ ഒരിക്കലും എതിർക്കുന്നില്ല. നേരത്തെ മുഖ്യമന്ത്രി പറഞ്ഞ ഘട്ടത്തിലൊന്നും, ഇതിന്റെ ഐ. ടി. സംവിധാനത്തിന് 310 കോടി രൂപയുടെ കയറ്റുമതി സാധ്യതയിൽ കേരളം കുതുങ്ങിപ്പോയത് ഞങ്ങളുടെ തകരാർ കൊണ്ടാണോ? നിങ്ങളല്ലേ ഈ 50 മാസം ഭരിച്ചത്? ഏതെങ്കിലും തടസ്സം ഞങ്ങൾ ചെയ്തതാണോ? ഇനി പറയാനുള്ളത്, Self-financing College-കളെ സംബന്ധിച്ചാണ്.

ശ്രീ. സാജു പോൾ: സർ, ഇവിടെ കമ്പ്യൂട്ടർവൽക്കരണത്തെയും യന്ത്രവൽക്കരണത്തെയുമൊക്കെ അന്ധമായി എതിർക്കുന്നതായ ഒരെയിത്തം ഞങ്ങളെ ചിത്രീകരിക്കുമ്പോൾ ..... ഈ പറഞ്ഞ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെയെല്ലാം ഈറ്റില്ലമായിട്ടുള്ള അമേരിക്കയിലും ബ്രിട്ടനിലും കമ്പ്യൂട്ടറിനെതിരെയടക്കം സമരം നടക്കുന്നുണ്ട്. എത്രയോ രക്തരൂക്ഷിതമായ പ്രക്ഷോഭ സമരങ്ങൾ ഇപ്പോഴും അവിടെ നടക്കുന്നു. നമ്മൾ ദൃശ്യമാധ്യമങ്ങളിൽ കാണുന്നതല്ലേ? ആ അക്രമസമരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങൾ നടത്തുന്ന പ്രക്ഷോഭ സമരങ്ങൾ അങ്ങേയറ്റം സമാധാനപരമായിട്ടുള്ളതാണെന്ന വിവരം അങ്ങേയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: അതെല്ലാവർക്കും അറിയാവുന്നതാണ്. ഒരു പ്രശ്നംകൂടി ഞാൻ പറയുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സംസാരിക്കുമ്പോൾ Information Technology, I.T.Boom എന്നെല്ലാം പറഞ്ഞു, അതൊക്കെ കയറ്റിറക്കുകളെല്ലാമുള്ളതാണ്. അമേരിക്കയിൽനിന്നും കഴിഞ്ഞവർഷം ഒരാളെ ഇങ്ങോട്ട് തിരിച്ച് പറഞ്ഞയച്ചു. ഇപ്പോൾ അങ്ങ് പറഞ്ഞതുപോലെ ഒരു ചെറിയ ബൂം വന്നുകൊണ്ടിരിക്കുന്നു. അത് കയറ്റിറക്കങ്ങളോടുകൂടിയതാണ്. എല്ലാ സമയത്തും അതിന് ബൂം ഉണ്ടായിക്കൊള്ളണമെന്നില്ല. സർവ്വകലാശാലകളുടെ കോഴ്സ് കൊടുക്കുമ്പോൾ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. ചില ഘട്ടങ്ങളിൽ ഐ. ടി.-ക്ക് ഡിമാൻഡ് വന്നു. പരമ്പരാഗത എൻജിനീയറിംഗ് കോഴ്സുകൾക്ക് ഡിമാൻഡ് ഇല്ലാതെ വന്നു. എന്നാൽ സിവിൽ എൻജിനീയറിംഗിനും മെക്കാനിക്കൽ എൻജിനീയറിംഗിനും വലിയ ഡിമാന്റുണ്ട്. ഞങ്ങൾ ഇത്തരമൊരു കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള യാഥാസ്ഥിതിക നിലപാടുകൾ എടുത്ത് എന്ന് നിങ്ങൾ തെറ്റിദ്ധരിക്കരുത്. ഞങ്ങൾ സ്വാശ്രയ സംവിധാനത്തെ സമ്പൂർണ്ണമായും എതിർക്കുന്നു എന്ന മട്ടിലാണ് നിങ്ങൾ സംസാരിക്കുന്നത്. ഞങ്ങൾ സ്വാശ്രയ കോഴ്സുകളെയും സ്വാശ്രയ കോളേജുകളെയും അതിന്റെ സാമൂഹ്യ നിയന്ത്രണത്തിന്റെ പ്രശ്നം മുന്നോട്ടുവച്ചുകൊണ്ട് മാത്രമേ എതിർത്തിട്ടുള്ളൂ. തലശ്ശേരിയിൽ വിവരം വേണ്ടത്ര ശേഖരിക്കാത്ത കെ.എസ്.യു.-വിന്റെ പ്രസിഡന്റ് കുറേ സ്റ്റേറ്റ്മെന്റൊക്കെ ഇറക്കിയിട്ടുണ്ട് ..... (ബഹളം) ..... ഞാൻ ഇപ്പോഴും സിൻഡിക്കേറ്റ് മെമ്പറാണെന്നുള്ള മട്ടിലാണ് കെ.എസ്.യു. പ്രസിഡന്റിന്റെ സ്റ്റേറ്റ്മെന്റ്. ഞാൻ സിൻഡിക്കേറ്റിൽനിന്നും പോയിട്ട് ഒന്നരക്കൊല്ലം കഴിഞ്ഞു. ഞാൻ ഇപ്പോഴും സിൻഡിക്കേറ്റ് മെമ്പറാണെന്നും സഹകരണ ആശുപത്രിയിൽ എന്തോ കുഴപ്പം നടന്നുകൊണ്ടിരിക്കുകയാണ് എന്നുമൊക്കെയാണ് പറയുന്നത്. അത് സമ്പൂർണ്ണമായും തെറ്റാണ്. തലശ്ശേരി സഹകരണ ആശുപത്രിയിൽ നഴ്സിംഗ് കോഴ്സ് നടത്തുന്നത് കോഴിക്കോട് സർവ്വകലാശാലയാണ്. അഡ്മിഷൻ നടത്തുന്നത് അവരാണ്. പരീക്ഷ നടത്തുന്നത് അവരാണ്. സർട്ടിഫിക്കറ്റ് കൊടുക്കുന്നത് യൂണിവേഴ്സിറ്റിയാണ്. എല്ലാം യൂണിവേഴ്സിറ്റി ചെയ്യുന്നു. നേഴ്സിംഗ് കോഴ്സിന്റെ പരിശീലന കേന്ദ്രം മാത്രമാണ് തലശ്ശേരി സഹകരണ ആശുപത്രി. ആ തലശ്ശേരി സഹകരണ ആശുപത്രിതന്നെ സർവ്വകലാശാല നിർബന്ധിപ്പിച്ച് അവരെക്കൊണ്ട് എടുപ്പിച്ചതാണ്. അവർ രണ്ട് കോടി രൂപ ഇൻവെസ്റ്റ് ചെയ്തു. രണ്ടു കോടി രൂപയുടെ യന്ത്രസാമഗ്രികളും പരിശീലന സംവിധാനങ്ങളും ഉണ്ടാക്കി. ഈ ഏർപ്പാടിൽ യഥാർത്ഥത്തിൽ അവർ നഷ്ടം സഹിക്കുകയായിരുന്നു. അവിടെയാണ് കെ.എസ്.യു.വിന്റെ പ്രസിഡന്റ് ഇപ്രകാരം പറഞ്ഞത്. ശ്രീ. പി. ടി. തോമസ് ചോദിച്ചത് എന്തായാലും നന്നായി. സത്യം പറയാൻ ഒരവസരം കിട്ടിയല്ലോ? കെ.എസ്.യു.-വിന്റെ പ്രസിഡന്റ് വസ്തുത മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. തലശ്ശേരി സഹകരണ ആശുപത്രിക്കും എസ്.എഫ്.ഐ.-ക്കും എതിരായിട്ടുള്ള വ്യാജ പ്രചാരവേലയുമായിട്ടാണ് അവർ നടക്കുന്നത്. അതു വസ്തുതാപരമായി ശരിയല്ല. ഇപ്പോൾ നിങ്ങൾ ചെയ്യാൻ പോകുന്ന പണി എന്താണെന്നോ?

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് സർവ്വകലാശാലയെ വച്ചുകൊണ്ട്, ഒരു കോഴ്സ് അങ്ങോട്ടു ഡീലിങ്ക് ചെയ്യുകയാണ്. ഇസ്ക്ര എന്നു പറയുന്ന ഒരു പ്രൈവറ്റ് ആശുപത്രിയുമായി ചേർന്നുകൊണ്ടുള്ള ഏർപ്പാടാണ്. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ പെരുവഴിയിലാകും. പുതിയ കുട്ടികളുടെ കാര്യമെന്താണെന്നു പറയാൻ കഴിയില്ല. അതുകൊണ്ട് ആ വാദം ശരിയല്ല. സ്വാശ്രയകോഴ്സുകളുടെയും കോളേജുകളുടെയും കാര്യത്തിൽ അതിന്റെ സാമൂഹ്യ നിയന്ത്രണത്തിന്റെ പ്രശ്നം പറയുന്നതല്ലാതെ ആ രൂപത്തിൽ ഞങ്ങൾ എതിർത്തിട്ടില്ല. ഞങ്ങൾ തുടങ്ങിയില്ലേ? സഹകരണമേഖലയിൽ തുടങ്ങാമല്ലോ; പഞ്ചായത്തിൽ തുടങ്ങാമല്ലോ. അതുകൊണ്ട് അങ്ങനെ തെറ്റിദ്ധരിക്കേണ്ട കാര്യമില്ല. ഈ ബിൽ എങ്ങനെ വന്നു എന്നുള്ള കാര്യം മന്ത്രി വ്യക്തമാക്കണം. ഇത് ആർക്കുവേണ്ടിയാണെന്ന് വ്യക്തമാക്കണം. 2004-ൽ ഏതോ സഹകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റ് നടത്തിയിട്ടുള്ള കച്ചവട ഏർപ്പാടിനെ നിയമപരമായി സാധൂകരിക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലായിട്ടു മാത്രമേ ഇതിനെ കാണാനാകൂ. പിന്നെ എന്തിനാണ് ഒരു കൊല്ലത്തെ മുൻകാല പ്രാബല്യം കൊടുക്കുന്നത്? ആരോ ഒരു കച്ചവടം നടത്തി. നിങ്ങൾ അതിൽ പങ്കാളികളാണെന്ന് ഞാൻ പറയുന്നില്ല. അങ്ങ് ആരുടെയോ സമ്മർദ്ദത്തിനു വിധേയമായിട്ടാണ് പ്രവാസി ഇന്ത്യക്കാരെ പിഴിയാൻവേണ്ടിയുള്ള, 15 ശതമാനം സീറ്റ് എന്നുള്ളത് മാറ്റി 15 സീറ്റാക്കിക്കൊണ്ടുവന്നത്. എട്ട് സീറ്റ് വില്പനയ്ക്കുവേണ്ടി, കച്ചവട താല്പര്യങ്ങൾക്കുവേണ്ടി കേരള നിയമസഭയെ ദുരുപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നത്. നിങ്ങളുടെ ഗവൺമെന്റ് 50 മാസംകൊണ്ട്, കേരളത്തിലെ ലാഭക്കൊതിയന്മാരായിട്ടുള്ള വിദ്യാഭ്യാസ കച്ചവടക്കാരുടെ അടിമകളായി മാറി എന്നുള്ളതിന്റെ സാക്ഷിപത്രമാണ് ഈ ബിൽ. അതുകൊണ്ടാണ് ഈ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിച്ചത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇവിടെ ശ്രീ. മത്തായി ചാക്കോയും മറ്റും വിയോജനക്കുറിപ്പ് രേഖപ്പെടുത്താനുണ്ടായ സാഹചര്യത്തെക്കുറിച്ച് വളരെ വിശദമായി സംസാരിക്കുകയുണ്ടായി. ഈ ബിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചത് ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കാനും എൻ.ആർ.ഐ. സീറ്റ് വർദ്ധിപ്പിക്കാനും വേണ്ടിയാണ്. ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കാൻ ഉദ്ദേശിച്ച് കൊണ്ടുവന്നതാണെങ്കിലും, പലപ്പോഴും ക്യാപ്പിറ്റേഷൻ ഫീസിന് അംഗീകാരം കൊടുക്കാനുള്ള ഒരു ബില്ലായിട്ടാണ് ഇതു ഞങ്ങൾക്ക് തോന്നിയത്. അതായത്, ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നതിന് ആധികാരികത നൽകാൻവേണ്ടി കൊണ്ടു വന്നിട്ടുള്ള ഒരു ബില്ലാണ്. അത് അങ്ങനെതന്നെ പറയുന്നതായിരുന്നു ഏറെ ശരി. ഈ ബിൽ കൊണ്ട്, കോഴ വാങ്ങുന്നത് തടയാൻ കഴിയുമെന്നൊന്നും പറയാൻ കഴിയില്ല. കോഴ വാങ്ങുന്നതിന് ഒരു അംഗീകാരം കൊടുക്കാൻ നമ്മൾ ഈ ബില്ലിലൂടെ ശ്രമിക്കുകയാണ്. നമ്മുടെ സ്വാശ്രയകോളേജുകളുടെ സ്ഥിതിയെ സംബന്ധിച്ച് ഇവിടെ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. അതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. സ്വാശ്രയകോളേജുകൾ അവർക്ക് തോന്നിയതുപോലെ ഫീസും കോഴയുമായി പ്രവർത്തിക്കുകയാണ്. അതുപോലെതന്നെ നമുക്കറിയാം,

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോളേജ് ആരംഭിച്ചതിനുശേഷം, നമ്മുടെ കുട്ടികൾ വലിയ സമരത്തിലും പോരാട്ടത്തിലുമൊക്കെ ഏർപ്പെടുകയുണ്ടായി എന്ന്. പ്രത്യേകിച്ചും പാവപ്പെട്ട ആളുകളുടെ മക്കൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെടുകയും, സ്വകാര്യ മാനേജുമെന്റ് ഇഷ്ടംപോലെ പ്രവർത്തിക്കുകയും ചെയ്ത സന്ദർഭത്തിലാണ് വലിയ പ്രക്ഷോഭം കേരളത്തിൽ ഉയർന്നുവന്നത്. വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും എസ്.എഫ്.ഐ.-യുടെ ഭാഗത്തുനിന്നും മാത്രമല്ല പ്രക്ഷോഭം ഉയർന്നുവന്നത്. കെ.എസ്.യു.-വിന്റെ ഭരണകക്ഷി യൂണിയനിൽപ്പെട്ട വിദ്യാർത്ഥി സംഘടനകളും ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. അതുപോലെ സമൂഹത്തിലാകെത്തന്നെ അതിന്റെ ചർച്ച നടന്നിട്ടുണ്ട്. 2004-ൽ സ്വാശ്രയമാനേജുമെന്റുകളെ നിയന്ത്രിക്കാൻവേണ്ടി നിയമസഭ ഒരു നിയമം കൊണ്ടുവന്നു. സ്വാശ്രയമാനേജുമെന്റുകളെ നിയന്ത്രിക്കാൻ വേണ്ടിയാണ് ആ നിയമം കൊണ്ടുവന്നതെങ്കിൽപ്പോലും ആ നിയമത്തിന്റെ ഫലമായി ഒരു സ്വാശ്രയമാനേജുമെന്റിനേയും നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞില്ല എന്നുള്ള സത്യം നമ്മുടെ മുമ്പിലുണ്ട്. സ്വാശ്രയമാനേജുമെന്റുകൾ അവരുടെ ഇഷ്ടം പോലെയാണ് പിന്നീടു പ്രവർത്തിച്ചത്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്കുതന്നെ സ്വാശ്രയമാനേജുമെന്റ് നമ്മളെ ചതിച്ചു എന്ന് സമ്മതിക്കേണ്ടിവന്നു, നമ്മൾ ആ നിയമം കൊണ്ടുവന്നു, പക്ഷേ, സ്വാശ്രയമാനേജുമെന്റിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അതുതന്നെയാണ് അവരുടെ ക്യാപ്പിറ്റേഷൻ ഫീസ് നിയന്ത്രിക്കാൻ കൊണ്ടുവരുന്ന ബില്ലിലൂടെയും സംഭവിക്കാൻ പോകുന്നത്. ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നതിൽനിന്നും സ്വകാര്യ മാനേജുമെന്റുകളെ തടയാൻ കഴിയുന്നില്ല എന്നു മാത്രമല്ല അവർ വാങ്ങുന്ന കൊഴയ്ക്ക് നമ്മൾ അംഗീകാരം കൊടുക്കുകയാണ് ചെയ്യുന്നത്. നമുക്കറിയാം, കേരളത്തിൽ ഇപ്പോഴുള്ള എല്ലാ സ്വാശ്രയകോളേജുകളും ഇഷ്ടംപോലെയാണ് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിക്കൊണ്ടിരിക്കുന്നത് എന്ന്. അതിനു നിയന്ത്രണവും പരിധിയും കൊണ്ടുവരണം. ക്യാപ്പിറ്റേഷൻ ഫീസ് ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശത്തോട് ഞങ്ങളെല്ലാം യോജിക്കുകയാണ്. അതിനു നമ്മൾ നിയമം കൊണ്ടുവന്ന് അത് നടപ്പിലാക്കണം. നിങ്ങൾ കൊണ്ടുവരുന്ന നിയമം നടപ്പിലാക്കുന്നതിൽ നിങ്ങൾക്ക് പ്രതിബദ്ധതയും ഉത്തരവാദിത്വവും ഉണ്ടോ എന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. നമ്മൾ പാസ്സാക്കിയ നിയമം നടപ്പിലാക്കാൻ നമ്മൾ തയ്യാറാകാതെവന്ന സമയത്താണ് വിദ്യാർത്ഥികൾ ആ നിയമം നടപ്പിലാക്കണമെന്നു പറഞ്ഞ് സമരം ചെയ്തത്. അതായത്, അസംബ്ളിയിൽ പാസ്സാക്കിയ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് വിദ്യാർത്ഥികൾ സമരം ചെയ്തത്. നമ്മൾ ഉണ്ടാക്കിയ നിയമം നടപ്പിലാക്കാനുള്ള ബാദ്ധ്യത നമുക്കില്ലേ? പക്ഷേ, ആ സമരങ്ങളെയൊക്കെ നമ്മൾ കൈകാര്യം ചെയ്ത രീതിയെ സംബന്ധിച്ചൊക്കെ പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞു. നമ്മൾ കൊണ്ടുവന്ന നിയമം നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയിലേക്കു നമ്മൾ മാറുകയാണ്. എന്തുകൊണ്ടാണ് അങ്ങനെ മാറുന്നത്? സ്വാശ്രയമാനേജുമെന്റിന്റെ ശക്തിയും സ്വാധീനവുമാണ് നമുക്ക് അവിടെ കാണാൻ കഴിയുന്നത്. സ്വാശ്രയ മാനേജുമെന്റുകളെ നിയന്ത്രിക്കുന്നതിനോ അവരെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിനാ നമുക്ക് കഴിയുന്നില്ല. കാരണം ഗവൺമെന്റിന്റെ താല്പര്യം സ്വാശ്രയമാനേജുമെന്റിന്റെ താല്പര്യംതന്നെയാണ്. സ്വാശ്രയമാനേജുമെന്റിനെ സഹായിക്കുക എന്നുള്ള നയസമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ടുതന്നെയാണ് അവരെ നമുക്ക് നിയന്ത്രിക്കാൻ കഴിയാതെപോയത്. എന്താണ് ഇവിടെ ചെയ്യേണ്ടതെന്നു തീരുമാനിക്കുന്നത് അവരാണ്. ബഹുമാന്യനായ രാഷ്ട്രപതി കേരളത്തിന്റെ വികസനത്തിനുവേണ്ടി ചെയ്ത പ്രസംഗം, അദ്ദേഹത്തിന്റെ മിഷൻ തുടങ്ങിയവയെല്ലാം ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. അദ്ദേഹം പറഞ്ഞ പത്ത് കാര്യങ്ങൾ നമ്മൾ അംഗീകരിക്കുകയും അഡീഷണലായി നമ്മൾ ചില കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുകയാണ്. അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ 58-ാം വാർഷികദിനത്തോടനുബന്ധിച്ച് രാഷ്ട്രത്തോടായി ചെയ്ത പ്രസംഗത്തിൽ എടുത്തുപറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് അഖിലേന്ത്യാ പരീക്ഷ വേണമെന്നത്. രാഷ്ട്രപതി പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ് നമ്മൾ

6.00 P.M.] ചർച്ച ചെയ്യുന്നത്. അതുസംബന്ധിച്ച് ഈ ഗവൺമെന്റിന്റെയും യു.ഡി.എഫ്-ന്റെയും അഭിപ്രായമെന്താണെന്ന് ഞാൻ ചോദിക്കുകയാണ്. രാഷ്ട്രപതി പറഞ്ഞത് പ്രൊഫഷണൽ കോളേജുകളിലേക്കും സർവ്വകലാശാലകളിലേക്കുമുള്ള വിദ്യാർത്ഥിപ്രവേശനം അഖിലേന്ത്യാ തലത്തിൽ നടത്തുന്ന മൽസരപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കണമെന്നാണ്. അദ്ദേഹം പറഞ്ഞ വാക്കുകൾ അംഗീകരിക്കുകയാണെങ്കിൽ അത് അംഗീകരിക്കാൻ നമ്മൾ തയ്യാറാകണം. അതായത് പ്രൊഫഷണൽ കോളേജുകളെ നിയന്ത്രിക്കാൻ നമുക്ക് കഴിയണം. അവിടെ അമിതമായ ഫീസ് വാങ്ങുന്നത് സംബന്ധിച്ചും കോഴ വാങ്ങുന്നത് സംബന്ധിച്ചും വലിയ ചർച്ച നടക്കുന്ന ഒരു സന്ദർഭമാണിത്. ആ സന്ദർഭത്തിലാണ് രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം നമ്മോട് പറഞ്ഞത്, പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് അഖിലേന്ത്യാ പരീക്ഷ നടത്തണമെന്ന്. അദ്ദേഹത്തിന്റെ വാക്ക് നാം കേൾക്കുകയാണെങ്കിൽ നമ്മൾ ഇപ്പോൾ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത് ശരിയാണോയെന്ന് ചിന്തിക്കേണ്ടതാണ്. ഇവിടെ സ്വകാര്യ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ കോഴവാങ്ങാനുള്ള സൗകര്യമാണ് നിയമമുണ്ടാക്കിക്കൊണ്ട് ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മൾ എൻ.ആർ.ഐ. സീറ്റ് വർദ്ധിപ്പിച്ച് സ്വകാര്യ മാനേജുമെന്റിന് കൊടുക്കുകയാണ്. അവർക്ക് കിട്ടുന്ന കാട്ടയിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുകയാണ്. അതു സംബന്ധിച്ചൊക്കെ ശ്രീ. മത്തായി ചാക്കോ ഇവിടെ പറഞ്ഞു. നേരത്തെയുണ്ടായിരുന്നതിൽനിന്നും ഇരട്ടി സീറ്റായി വർദ്ധിപ്പിച്ചു കൊടുക്കുകയാണ്. എൻ.ആർ.ഐ.-ക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കുട്ടികൾക്ക് സീറ്റ് കൊടുക്കണ്ട എന്ന അഭിപ്രായമൊന്നും നമുക്കില്ല; കൊടുക്കേണ്ടതാണ്. അതിന് ചില മാനദണ്ഡങ്ങൾ വേണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. എൻ.ആർ.ഐ. എന്നുപറഞ്ഞാൽ അതിന്റെ ഡെഫനിഷൻ എന്തായിരിക്കണം; ആർക്കൊക്കെ സീറ്റ് കൊടുക്കാൻ കഴിയും? എൻ.ആർ.ഐ.-ക്കാരൻ എന്ന് നിർദ്ദേശിക്കുന്ന ആർക്കും കൊടുക്കാമെന്നുള്ള സമീപനം ശരിയല്ലെന്ന് സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിനോട് അനുഭാവപൂർവ്വമായിട്ടുള്ള സമീപനമാണ് പല യു.ഡി.എഫ്. അംഗങ്ങളും സ്വീകരിച്ചത്. ശ്രീ. വി. ഡി. സതീശനടക്കമുള്ള ആളുകൾ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചത്.

ശ്രീ. വി. ഡി. സതീശൻ: പഠിപ്പിക്കാൻ നിവൃത്തിയില്ലാത്തവരുടെ മക്കൾക്ക് എൻ.ആർ.ഐ.-യുമായി ബന്ധപ്പെട്ട് ആരെങ്കിലും സ്പോൺസർ ചെയ്ത് പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടാകുമെങ്കിൽ അത് നല്ലതല്ലേ; എന്തിനാണ് നിങ്ങൾ എതിർക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: എൻ.ആർ.ഐ.-ക്കാരൻ പഠിപ്പിക്കാൻ തയ്യാറാകുന്നത് ഇവിടത്തെ വലിയ സമ്പന്നൻമാരുടെ മക്കളെയായിരിക്കും. അല്ലാതെ പാവപ്പെട്ടവരുടെ മക്കളെയൊന്നുമല്ല. ഒരൊറ്റ പാവപ്പെട്ടവന്റെ മക്കളേയും സ്പോൺസർ ചെയ്യാൻവേണ്ടി ഒരു എൻ.ആർ.ഐ.-ക്കാരും തയ്യാറാകില്ല. സമ്പന്നരായിട്ടുള്ള, പഠിക്കാൻ മിടുക്കില്ലാത്ത സമ്പത്തുമാത്രമുള്ള ഏതെങ്കിലും പ്രമാണിമാരുടെ മക്കൾക്കുമാത്രമേ ഗുണം കിട്ടുകയുള്ളൂ.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത് വളരെ സുന്ദരമായിട്ടുള്ള ഒരു കാര്യമായിട്ടാണ് എല്ലാപേർക്കും തോന്നുക. പക്ഷേ, മാനേജുമെന്റ് കോട്ടയിൽ എൻ.ആർ.ഐ. സീറ്റിനുവേണ്ടി ഇപ്പോൾത്തന്നെ ഗൾഫ് രാജ്യങ്ങളിൽ ലേലംവിളി നടന്നുകൊണ്ടിരിക്കുകയാണ്. ബി.ഡി.എസ്.-നുപോലും പത്തും പതിനഞ്ചും ലക്ഷം രൂപയാണ്. എം.ബി.ബി.എസ് സീറ്റിന് 35 ലക്ഷവും 40 ലക്ഷം രൂപയുമാണ് കൊടുക്കുന്നത്. ഈ 35, 40 ലക്ഷം രൂപ കൊടുത്തിട്ട് ഏത് പാവപ്പെട്ടവരുടെ മക്കളെയാണ് എൻ.ആർ.ഐ.-ക്കാർ സ്പോൺസർ ചെയ്യാൻ തയ്യാറാകുന്നത്? അപ്പോൾ യഥാർത്ഥത്തിൽ ഇത് ഗൾഫ് നാടുകളിൽ ലേലം വിളിക്കാൻവേണ്ടി സഹായകരമായിട്ടുള്ള ഒരു ബില്ലാണെന്ന് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മനസ്സിലാക്കിയിട്ടില്ലേ?

ശ്രീ. കെ. രാധാകൃഷ്ണൻ: അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. എൻ.ആർ.ഐ.-ക്കാർ സ്പോൺസർ ചെയ്യുന്ന ആർക്കും മെഡിക്കൽ അഡ്മിഷൻ ലഭിക്കുകയാണ്. പാവപ്പെട്ട ഒരു മൽസ്യത്തൊഴിലാളിയുടെ മകനും അതുപോലെ കർഷകത്തൊഴിലാളിയുടെ മകനും കിട്ടാൻ പോകുന്നില്ല. ഏതെങ്കിലും സമ്പന്നരായിട്ടുള്ള പ്രമാണിമാരുടെ പഠിക്കാൻ മിടുക്കില്ലാത്ത മക്കൾക്ക് ആയിരിക്കും അതിന്റെ ആനുകൂല്യം ലഭിക്കാൻ പോകുന്നത്. അതുകൊണ്ടാണ് എൻ.ആർ.ഐ. എന്നുള്ളതിന് ഒരു ഡെഫനിഷൻ വേണമെന്ന് ഞങ്ങൾ പറഞ്ഞത്. ഇപ്പോൾ മിക്കവാറും മെഡിക്കൽ കോളേജുകളിൽ രണ്ടും മൂന്നും വർഷങ്ങൾക്കുമുമ്പേ അഡ്വാൻസ് കൊടുക്കേണ്ടിവരുകയാണ്. അഡ്വാൻസ് 30 ലക്ഷവും 40 ലക്ഷവുമൊക്കെ കൊടുക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ഇപ്പോൾ രണ്ടും മൂന്നും വർഷം മുൻപുതന്നെ 30 ലക്ഷവും 40 ലക്ഷവും രൂപ കൊടുത്ത് ആളുകൾ ക്യൂവിൽ നിൽക്കുകയാണ്. എൻ.ആർ.ഐ.-ക്കാരന് ഇതുപോലുള്ള സ്വാതന്ത്ര്യം കൊടുത്താൽ ഇപ്പോൾ 30 ലക്ഷവും 40 ലക്ഷവും കൊടുക്കുന്നത് 60 ലക്ഷമായി മാറും. അതുതന്നെയുമല്ല കഴിവുള്ളവർ

ഡോക്ടർമാർ ആകാത്ത അവസ്ഥയുമുണ്ടാകും. ഇപ്പോൾ ഡോക്ടർമാരും എഞ്ചിനീയർമാരുമാകാനുള്ള മാനദണ്ഡം പഠനമല്ല, സമ്പത്താണ്. സമ്പത്തുള്ളവർക്ക് മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിക്കാനും ഡോക്ടറാകാനും കഴിയുന്ന ഒരു സാഹചര്യമുണ്ടാകും. സമ്പത്തില്ലാത്ത ആളുകൾക്ക് ഈ രംഗത്തുവരാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അങ്ങയുടെ പ്രസംഗത്തിലൂടനീളം പാവപ്പെട്ട കുട്ടികളുടെ അവസരങ്ങൾ വളരെയേറെ നഷ്ടപ്പെടുന്നുവെന്ന് പറയുകയുണ്ടായി. അതോടൊപ്പംതന്നെ സമ്പന്നർമാരുടെ പഠനസൗകര്യത്തെക്കുറിച്ചും പറയുകയുണ്ടായി. നിലവിൽ സ്വാശ്രയ കോളേജ് തുടങ്ങുന്നില്ലെങ്കിൽ പണ്ട് തുടങ്ങിയതിന്റെ പേരിൽ ഏതെങ്കിലുമൊരു സീറ്റ് നഷ്ടപ്പെട്ടിട്ടുണ്ടോ? ഇല്ലല്ലോ. മാത്രമല്ല, പുതുതായി തുടങ്ങിയ സ്വാശ്രയകോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണമുൾപ്പെടെയുള്ള കാര്യങ്ങൾ കിട്ടിയിട്ടുമുണ്ട്. ഉദാഹരണത്തിന്, 900 സീറ്റുണ്ടായിരുന്ന എം.ബി.ബി.എസ്.-ന് ഇപ്പോൾ 1500 സീറ്റായി. അതുപോലെ എഞ്ചിനീയറിംഗിന് 10,000 സീറ്റുണ്ടായിരുന്നത് 22,000 സീറ്റായി. പാവപ്പെട്ട ഒരു കുട്ടിക്കും അവസരം നഷ്ടപ്പെട്ടില്ല. ഇനി അങ്ങ് പറയുന്നതുപോലെതന്നെ അവർക്ക് അഡ്മിഷൻ കിട്ടില്ലെന്ന് വിചാരിക്കുക. കർണ്ണാടകത്തിൽപ്പോയി 20 ലക്ഷവും 25 ലക്ഷവും മുപ കൊടുത്തിട്ട് വരുന്നവർക്ക് ഇവിടെ പി.എസ്.സി. ടെസ്റ്റ് എഴുതാം, സർക്കാർ സർവ്വീസിൽ കയറാം. അപ്പോൾ അങ്ങയെപ്പോലെ സത്യസന്ധമായി കാര്യങ്ങൾ വിലയിരുത്തുന്ന ഒരു നിയമസഭാ സാമാജികൻ ഈ വസ്തുതകൾ മറച്ചുവച്ചുകൊണ്ട് സംസാരിക്കാമോ?

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ ബാച്ചുകൾ ആരംഭിക്കുമ്പോൾ സ്വാഭാവികമായും വരുന്നത് എന്താണെന്നറിയാമോ? ഘട്ടംഘട്ടമായി എയ്ഡഡ് കോളേജുകളെപ്പോലും സ്വാശ്രയ കോളേജാക്കാനുള്ള നീക്കമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ പരിപാടി നിർത്തണം. വിദ്യാഭ്യാസ കച്ചവടം മാത്രമാണ് നിങ്ങൾ നടത്തുന്നത്. വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. പി. സി. ജോർജ് പറയുന്നതും ശ്രീ. പി. ടി. തോമസ് പറയുന്നതും രണ്ടും രണ്ടാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞല്ലോ, എഞ്ചിനീയറിംഗിന് ഇവിടെ എല്ലാപേർക്കും സീറ്റ് കിട്ടുമെന്ന്. അങ്ങനെയാണെങ്കിൽ രജനി എസ്. ആനന്ദിനെപ്പോലുള്ളവർ കേരളത്തിൽ ആത്മഹത്യ ചെയ്യാനുള്ള ഇടയുണ്ടാകുമായിരുന്നില്ലല്ലോ. ഞാൻ പറഞ്ഞുവരുന്നത് ഫീസ് കൊടുക്കാൻ ശേഷിയില്ലാത്തവരുടെ മക്കൾക്ക് പഠിക്കാൻ കഴിയാത്ത ഒരു സാഹചര്യം പടിപടിയായി വന്നുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. നിങ്ങൾക്ക് ഈ സ്വകാര്യ മാനേജുമെന്റുകളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇപ്പോൾ ഈ കിട്ടുന്ന ആനുകൂല്യംപോലും ഇല്ലാതാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീ. പി. ടി. തോമസ്: കുറെനാളുകളായി പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ സഭയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്ന ഒരു കാര്യം രജനി എസ്. ആനന്ദ് ഫീസ് കൊടുക്കാത്തതുകൊണ്ടാണ്, പട്ടിണികൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യചെയ്തതെന്നാണ്. വസ്തുതാപരമായ കാര്യമല്ല ഇവർ പറയുന്നത്. അതുകൊണ്ട് തിരുത്തുകയാണ്. രജനി എസ്. ആനന്ദിന് ഫീസ് കുടിശ്ശികയുണ്ടായിരുന്നില്ല. രജനി എസ്. ആനന്ദിന് പട്ടികജാതി വകുപ്പ് ഫീസ് കൊടുത്തിട്ടുണ്ട്. ഒരു കുടിശ്ശികയുമുണ്ടായിരുന്നില്ല. ഇവർ തെറ്റായ പ്രസ്താവനയാണ് ഇവിടെ നടത്തുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ ഇതിന് ജുഡീഷ്യൽ അന്വേഷണം നടന്നുവരുകയല്ലേ? ശ്രീ. പി. ടി. തോമസ് ഇതിനെസംബന്ധിച്ച് അവസാന വാക്ക് പറയണ്ട. ഞാൻ പറഞ്ഞു വരുന്നത് എൻ.ആർ.ഐ. സീറ്റിന്റെ പേരിൽ തട്ടിപ്പ് നടത്താൻ സ്വകാര്യ മാനേജുമെന്റിന് അവസരമുണ്ടാക്കിക്കൊടുക്കുകയാണ് എന്നുള്ളതാണ്. അല്ലാതെ അഡ്മിഷൻ കിട്ടിയോ ഇല്ലയോ എന്നുള്ള പ്രശ്നമല്ല. എൻ.ആർ.ഐ. സീറ്റ് വർദ്ധിപ്പിച്ചുകൊണ്ട് ഒരു മാനദണ്ഡവുമില്ലാതെ ആർക്ക് വേണമെങ്കിലും സ്പോൺസർ ചെയ്യാനുള്ള അധികാരമുള്ളതുകൊണ്ട് സ്വകാര്യ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ കാശ് വാങ്ങാനുള്ള അവസരമുണ്ടാക്കുകയാണ്. അതുപോലെ അവർ റാങ്ക് ലിസ്റ്റിൽ നിന്നല്ല എടുക്കുന്നത്. അവർക്ക് ഇഷ്ടമുള്ള ആളുകളെയാണ് വയ്ക്കുന്നത്. അതിന് യാതൊരു മാനദണ്ഡവുമില്ല. ഇങ്ങനെ യാതൊരു മാനദണ്ഡവുമില്ലാതെ സമ്പത്തുള്ളവർക്കു മാത്രം മെഡിക്കൽ വിദ്യാഭ്യാസം ലഭിച്ചാൽ മതിയെന്നുള്ളത് നമ്മുടെ നാടിന് നല്ലതാണോയെന്നതാണ് എന്റെ ചോദ്യം. ഇവിടെ ഫീസ് നിയന്ത്രിക്കാനും കോഴ നിയന്ത്രിക്കാനും ഒന്നും തന്നെ കഴിയുന്നില്ല. ഇപ്പോൾ കേരളം അഴിമതിയുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. പ്രൊഫഷണൽ കോളേജ് ആണെങ്കിലും സെൽഫ് ഫിനാൻസിംഗ് കോളേജ് ആണെങ്കിലും പരീക്ഷ എഴുതിയിട്ട് എൻട്രൻസ് ലിസ്റ്റ് അനുസരിച്ച് കുട്ടികളെ പ്രവേശിപ്പിക്കണം.

ശ്രീ. സാജു പോൾ: കേരളത്തിലെ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണ സംവിധാനങ്ങൾ എന്നിവ തകർക്കുന്നതിനെക്കുറിച്ചൊക്കെ ബഹുമാന്യനായ കെ. രാധാകൃഷ്ണൻ പൊതുവിൽ പറഞ്ഞു. പൊതുവേ ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത്? ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി സഭയിൽ സംസാരിച്ചപ്പോഴെല്ലാം ഗവൺമെന്റ് provider അല്ല facilitator-ടെ സ്ഥാനത്താണ് നിൽക്കുന്നത് എന്ന് പറയുകയുണ്ടായി. Facilitator എന്നുള്ള ആ പദത്തിന്റെ അർത്ഥം നിഘണ്ടു പരിശോധിച്ചപ്പോൾ ഒത്താശ ചെയ്യുന്നവൻ എന്നാണ് കാണുന്നത്. കേരളത്തിലെ സമസ്ത മേഖലകളുടെയും ചൈതന്യങ്ങളെ ഇത്തരത്തിൽ ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കും സമ്പന്ന മുതലാളിത്ത വിഭാഗങ്ങൾക്കും തീറെഴുതി കൊടുക്കുമ്പോൾ യഥാർത്ഥത്തിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ പാവപ്പെട്ടവരുടെ കണ്ണീരൊപ്പും, പരമ്പരാഗത വ്യവസായത്തെ രക്ഷിക്കും, തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ വേദനകൾ മാറ്റും എന്നൊക്കെ പറയുന്നത് പൊള്ളയാണ് എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: അത് ശരിയാണ്. വികസനത്തെപ്പറ്റിയാണല്ലോ ഇവിടെ ചർച്ച ചെയ്യുന്നത്? വികസനത്തെക്കുറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഐക്യ ജനാധിപത്യ മുന്നണിയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ കഴിയുന്നത് എന്താണ്? ഇടതുപക്ഷ മുന്നണി കേരളം ഭരിക്കുന്ന സമയത്ത് അഞ്ച് വർഷക്കാലംകൊണ്ട് വ്യവസായ വികസനത്തിനുവേണ്ടി നിക്ഷേപിച്ചത് 6020 കോടി രൂപയാണ്. കഴിഞ്ഞ നാല് വർഷംകൊണ്ട് കേവലം 1200 കോടിരൂപയാണ് വ്യവസായ വികസനത്തിനുവേണ്ടി നിക്ഷേപിച്ചത്. ഇതുപോലെ വികസനത്തെപ്പറ്റി ഇവിടെ പൊള്ളയായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതുതന്നെയാണ് നമ്മുടെ വിദ്യാഭ്യാസ മേഖലയിലും സംഭവിക്കാൻ പോകുന്നത്. ഇഷ്ടംപോലെ സ്വകാര്യ മാനേജ്മെന്റിന് കൊള്ളയടിക്കാൻ കേരളീയ സമൂഹത്തിലെ വിദ്യാഭ്യാസം തുറന്നുകൊടുക്കുന്ന ഒരു സമീപനത്തിനെതിരായ പ്രതിഷേധമാണ് ഞങ്ങൾ രേഖപ്പെടുത്തുന്നത്. അതുകൊണ്ട് ചർച്ച ചെയ്യുന്ന സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം എന്നു പറയുന്നത് ഈ എൻ.ആർ.ഐ.-യുടെ ഡിപ്പെൻഡന്റ് ആരാണ് എന്നതിനെ സംബന്ധിച്ച് കൃത്യമായിട്ടുള്ള ഒരു നിർവ്വചനം ഉണ്ടാകണം എന്നതാണ്. അതുപോലെ 15 സീറ്റാണ് മാനേജുമെന്റ് കോട്ടയിൽനിന്നും എൻ.ആർ.ഐ.-ക്ക് കൊടുക്കാൻ തീരുമാനിച്ചത്. അത് എട്ട് സീറ്റാക്കി കുറയ്ക്കണമെന്നാണ് ഞങ്ങൾ പറഞ്ഞിരിക്കുന്നത്. അതുപോലെ സ്റ്റേറ്റ് എൻട്രൻസ് ലിസ്റ്റിൽനിന്നായിരിക്കണം കുട്ടികളെ പ്രവേശിപ്പിക്കേണ്ടത്. തീർച്ചയായും ഈ മൂന്ന് കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കാൻവേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അതിന് തയ്യാറാവുകയാണെങ്കിൽ തീർച്ചയായും അതിന് അനുകൂലമായ സാഹചര്യമാണ് ഞങ്ങൾ സ്വീകരിക്കുക. അല്ലെങ്കിൽ ഇതിനെ എതിർക്കേണ്ടിവരും.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എൻ.ആർ.ഐ. എന്നു പറയുന്നത് ആരാണ്? പ്രത്യേകിച്ച് നോർക്കയുടെ ചെയർമാൻ എന്ന നിലയിൽ, വളരെ സജീവമായി പ്രവർത്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ശ്രീ. എം. എം. ഹസ്സൻ പ്രവാസികളുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ഞാൻ നോർക്കയുടെ പരിപാടിക്ക് അദ്ദേഹത്തിന്റെകൂടെ പോയിരുന്നതാണ്. ആ ഒരു സാഹചര്യം വച്ച് ചോദിക്കുകയാണ്, എൻ.ആർ.ഐ. ആരാണ്? നോർക്ക വകുപ്പിൽ എൻ.ആർ.ഐ. ആരാണെന്ന് പറയുന്നുണ്ട്. നമ്മൾ ഒരു നിയമം പാസ്സാക്കിവയ്ക്കുമ്പോൾ ആരാണ് എൻ.ആർ.ഐ., ആരൊക്കെയാണ് dependent ആയിട്ട് വരുന്നത് എന്നതിനെ സംബന്ധിച്ചെല്ലാം കൃത്യത ഉണ്ടാവണം.

ശ്രീ. എം. എം. ഹസ്സൻ: കേരള ഗവൺമെന്റും ഇൻഡ്യ ഗവൺമെന്റും എല്ലാം Non Resident Indian തന്നെയാണ്. അവർ വിദേശത്ത് തൊഴിൽ ചെയ്യുന്ന ആളുകളാണ്. അവരുടെ dependent എന്നുപറഞ്ഞാൽ അവരെ ഡിപ്പെന്റ് ചെയ്തു കഴിയുന്ന അടുത്ത ബന്ധുക്കളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിലാണ് അഭിപ്രായവ്യത്യാസമുള്ളത്. കാരണം ഒരാളെ ഡിപ്പെന്റ് ചെയ്യുക എന്നുവച്ചാൽ ഭാര്യ, ഭർത്താവ്, അൺമാരീഡ് ആയിട്ടുള്ള മക്കൾ, വിവാഹിതയാണെങ്കിലും വിധവയായിട്ടുണ്ടെങ്കിൽ അതിൽ ആരെങ്കിലും ഈ നിർവ്വചനത്തിൽ ഉൾപ്പെടണ്ടേ, അല്ലാതെ അവരെ ഡിപ്പെന്റ് ചെയ്യുന്ന മുഴുവൻ ആളുകളും അതിൽ വരുമോ?

ശ്രീ. എം., എം. ഹസ്സൻ: എൻ.ആർ.ഐ.-യെ ഡിപ്പെന്റ് ചെയ്യുന്ന കുടുംബങ്ങളും ബന്ധുക്കളും ഉള്ള നാടല്ലേ ഇത്? അവരുടെ സഹോദരൻമാരുടെയോ സഹോദരിമാരുടെയോ മക്കളൊക്കെ എൻ.ആർ.ഐ.യിൽ ഡിപ്പെന്റ് ചെയ്യുകയാണ്. അവർ അതിൽപ്പെടുമല്ലോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ പറയുന്നത് ഇത് വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് മിനിസ്റ്റർ മറുപടി പറയുമ്പോൾ കൃത്യമായി മറുപടി പറയാൻ സഹായകമാകുന്ന രീതിയിലേക്ക് വരണമെന്നാണ്. കാരണം, അവരെ ഡിപ്പെന്റ് ചെയ്തുകഴിയുന്ന എല്ലാവരും വന്നാൽ പിന്നെ എൻ.ആർ.ഐ. എന്ന് പറഞ്ഞിട്ട് അർത്ഥമില്ല.

ശ്രീ. ടി. കെ. ദേവകുമാർ: എൻ.ആർ.ഐ.-യുടെ കാര്യം പരാമർശിക്കപ്പെട്ടപ്പോൾ വിദേശ ഇൻഡ്യക്കാരെ ഇങ്ങോട്ട് ആകർഷിക്കാനും നിക്ഷേപം വരുത്താനും ഒരുപാട് പരിശ്രമങ്ങളെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞല്ലോ. വിദേശ ഇൻഡ്യക്കാരുടെയും വിദേശത്തുപോയി തിരിച്ചുവന്നവരുടെയുമൊക്കെ ഒരു സമ്മേളനം ബഹുമാനപ്പെട്ട എം. എം. ഹസ്സന്റെ നേതൃത്വത്തിൽ നടത്തുകയും ശ്രീ. ഹസ്സനെതിരായി സംസാരിച്ച എൻ.ആർ.ഐ. സംഘടനയുടെ ആളുകളെ ഓടിച്ചിട്ട് അടിക്കുകയും ചെയ്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: പേരുകൊണ്ട് ദേവകുമാർ ആണെന്ന് തോന്നുമെങ്കിലും വർത്തമാനംകൊണ്ട് പിശാച് കുമാറിനെപ്പോലെ സംസാരിക്കുന്ന ആളുകളോട് എങ്ങനെയാണ് മറുപടി പറയുക?

ശ്രീ. കെ. പി. രാജേന്ദ്രൻ: കഴക്കൂട്ടത്തുവച്ച് നടന്ന സമ്മേളനത്തിൽ പ്രസംഗിക്കുന്നതിനായി പ്രതിപക്ഷനേതാവിനെയും ശ്രീ. കോടിയേരി ബാലകൃഷ്ണനെയും എന്നെയും ക്ഷണിച്ചിരുന്നു. പക്ഷേ, പങ്കെടുക്കാൻ കഴിഞ്ഞില്ല. ആ സമ്മേളനത്തിൽ വളരെ വിപുലമായ ചർച്ചകളൊക്കെ നടന്നതായി പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. ചർച്ച ചെയ്യാൻ അവസരമുണ്ടെങ്കിൽ നമുക്ക് അത് ചർച്ച ചെയ്യാം. ശ്രീ. പി. ടി. കുഞ്ഞഹമ്മദിനെ ആ സമ്മേളനത്തിൽവച്ച് സ്വീകരിച്ചതായിട്ടുള്ള വാർത്തയും ഞാൻ വായിക്കുകയുണ്ടായി. ഞാൻ പറഞ്ഞുവന്നത് എൻ.ആർ.ഐ.-യുടെ ഡിപ്പെന്റൻസ് എന്നു പറയുന്നത് വളരെ വിപുലമാക്കിയാൽ എൻ.ആർ.ഐ. എന്നു പറയുന്നതിൽ അർത്ഥമില്ല. അവരെ ഡിപ്പെൻഡ് ചെയ്തുകഴിയുന്ന ധാരാളം ആളുകൾ കാണും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: അങ്ങയുടെ അമെന്റ്മെന്റിൽ Dependent of NRI means a spouse എന്നാണ് പറഞ്ഞിരിക്കുന്നത്. എൻ.ആർ.ഐ.-ക്ക് ഇപ്പോൾ എത്ര spouse വരെ ആകാം. കെ.എസ്.ആന്റ് എസ്.എസ്.ആറിലും ഡെഫനിഷനുണ്ട്. അതെങ്കിലും നോക്കണ്ടേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങനെയാണെങ്കിൽ അതു മതി. ആ ആനുകൂല്യത്തിൽ ഞങ്ങൾക്ക് വിയോജിപ്പില്ല. പക്ഷേ, അവരെ ഡിപ്പെന്റ് ചെയ്യുന്നവർ മുഴുവൻ ഈ നിർവ്വചനപ്രകാരം വരാൻ പാടില്ല. ഞങ്ങൾ ഗൾഫിൽ പോയപ്പോൾ ഞങ്ങൾക്ക് നേരിട്ടുകിട്ടിയ അനുഭവമുണ്ട്. മലയാളി സംഘടനകളുടെ പ്രതിനിധികൾ പറഞ്ഞു, കേരളത്തിലെ കോളേജുകളിൽ ചേരാൻ. ഗൾഫിൽ ഒരുപാട് ഏജന്റുമാർ ഉണ്ട്. ഇവിടത്തെ കോളേജിലേക്ക് അവരുടെ കുട്ടികളെ എൻ.ആർ.ഐ. കാറ്റഗറിയിൽ ചേർക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഈ നിയമത്തിൽ അതിനെപ്പറ്റി ഒരു വ്യക്തത വേണമെന്നു പറഞ്ഞത്. എൻ.ആർ.ഐ.-ക്കാർ സ്പോൺസർ ചെയ്ത് ഏതെങ്കിലും പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കണമെങ്കിൽ അതിന് വേറെ വഴികളില്ലേ? എൻ.ആർ.ഐ. കാറ്റഗറിയുടെ പേരിൽ പലതരം മാഫിയകൾ വളർന്നുവരികയാണ്. അതുപോലെ പുതിയ ഒരു മാഫിയ എന്തിനാണ് ഉണ്ടാക്കുന്നത്? അതിന് ഒരു കമ്മീഷൻ സിസ്റ്റം എന്തിന് ഉണ്ടാക്കുന്നു? അതുകൊണ്ട് അതിൽ ഒരു നിർവ്വചനം വരണം. രണ്ടാമത്തെ കാര്യം, നമ്മുടെ എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന ലിസ്റ്റിനെ നമ്മൾ എന്തിനാണ് തടസ്സപ്പെടുത്തുന്നത്? ധാരാളം എൻ.ആർ.ഐ.-ക്കാരുടെ കുട്ടികൾ ഇവിടെ വന്ന് പരീക്ഷ എഴുതുന്നുണ്ട്. അപ്പോൾ അത്തരം പരീക്ഷകളൊന്നും വേണ്ട, എൻട്രൻസ് ലിസ്റ്റും വേണ്ട എന്ന് പറഞ്ഞ് എന്തിനാണ് അതിനെ തള്ളിക്കളയുന്നത്? അതിന്റെ വിശ്വാസ്യത എന്തിനാണ് വേണ്ടെന്നുവയ്ക്കുന്നത്? ഇനി അതല്ല, തമിഴ്നാട് സർക്കാർ ചിന്തിക്കുന്നതുപോലെ ഈ പ്രവേശന പരീക്ഷയും എൻട്രൻസ് കോച്ചിംഗും ഒന്നും വേണ്ട എന്ന് വിചാരിക്കുന്നുണ്ടോ? അത് നയപരമായ കാര്യമാണ്, അതിനെപ്പറ്റി ഗവൺമെന്റ് വിശദീകരിക്കുമ്പോൾ അറിയാം. അങ്ങനെ ആലോചിക്കുമ്പോൾ കോടതിയിൽ കേസാണെങ്കിലും തമിഴ്നാട് അങ്ങനെ സുപ്രധാനമായ ഒരു തീരുമാനമെടുത്തതോടുകൂടി നമ്മുടെ സ്റ്റേറ്റിൽ ഇപ്പോൾ രക്ഷാകർത്താക്കളും കുട്ടികളുമായുള്ള ചർച്ച വളരെ സജീവമാണ്. ഇപ്പോൾ (ഒരു വർഷം വീണ്ടും വന്ന് പഠിക്കാൻ) റിപ്പീറ്റഡ് ബാച്ചിൽ ചേരാനുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞുപോയി. കാരണം, അടുത്തകൊല്ലം എൻട്രൻസ് പരീക്ഷയുണ്ടോ എന്നുള്ള കാര്യത്തിൽ രക്ഷാകർത്താക്കൾക്ക് ആശങ്കയുണ്ട്. നമ്മളെക്കാൾ കൂടുതലായി കുട്ടികളെ പഠിപ്പിക്കുന്ന രക്ഷാകർത്താക്കൾ ഇതൊക്കെ ചിന്തിക്കുന്നുണ്ടല്ലോ. ഗവൺമെന്റ് അങ്ങനെ അടുത്തവർഷം മുതൽ എൻട്രൻസ് പരീക്ഷ നടത്തുന്നില്ല എന്ന രീതിയിൽ എന്തെങ്കിലും ആലോചനയുണ്ടോ, അല്ലെങ്കിൽ അതിനെ സംബന്ധിച്ച് ഒരു ചർച്ചയ്ക്ക് തയ്യാറാകുന്നുണ്ടോ? അതറിയാനുള്ള താൽപ്പര്യം കൊണ്ടാണ് ചോദിക്കുന്നത്. നിയമം അനുസരിച്ച് നമ്മൾ നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ ലിസ്റ്റനുസരിച്ച് കുട്ടികളെ എടുക്കാം എന്നുവയ്ക്കാം. റിസർവ്വേഷൻ നമ്പറിനെക്കുറിച്ച് ഇവിടെ ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

15 ശതമാനം എന്നുള്ളത് നേരെ ഇരട്ടി സീറ്റ് കിട്ടി. ഇനിയിപ്പോൾ നാളെ ഒരു നിയമമനുസരിച്ച് 15 അല്ല 30 സീറ്റ് എന്ന് തീരുമാനിച്ച് ഒരു ഓർഡിനൻസ് ഇറക്കിയാൽ നിയമമായി. ഞാൻ ചോദിക്കുന്നത്, ഇതിൽ റിസർവ്വേഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു, വളരെ ശ്രദ്ധേയമായ ഒരു സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തി. അത് കേരളം മുഴുവൻ ശ്രദ്ധിക്കപ്പെട്ടു. നമ്മുടെ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റിസർവ്വേഷൻ ഇല്ലാത്തതിനെക്കുറിച്ച് ഒരു ചർച്ച ആരംഭിക്കുമെന്ന് പറഞ്ഞു. ഞങ്ങളും വളരെ പോസിറ്റീവായിട്ടാണ് എടുത്തത്. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ അത്തരം ഒരു ചർച്ചയ്ക്ക് മുൻകൈയെടുക്കുന്നു എന്നു പറഞ്ഞപ്പോൾ വളരെ സ്വാഗതാർഹമായി. ഒരു ചർച്ചയെങ്കിലും തുടങ്ങിവയ്ക്കുക. ഈ സഭയുടെ അവകാശമല്ലേ നിയമനിർമ്മാണം? നമ്മൾ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ നമുക്ക് റിസർവ്വേഷന്റെ കാര്യത്തിൽ പരിമിതമായിട്ടാണെങ്കിലും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസവകുപ്പു മന്ത്രി എന്ന നിലയിൽ എന്തുകൊണ്ട് അതിന് ഒരു ഇച്ഛാശക്തി കാണിക്കുന്നില്ല? ഈ 15 പേരിൽ മിനിമം ഇത്ര കുട്ടികളെയെങ്കിലും എസ്.സി./എസ്.ടി.-യിൽനിന്നോ അല്ലെങ്കിൽ റിസർവ്വേഷൻ കമ്മ്യൂണിറ്റിയിൽ നിന്നോ എടുക്കണമെന്ന് നിഷ്കർഷിക്കുകയാണെങ്കിൽ ദുർബ്ബലവിഭാഗത്തിനും പാവപ്പെട്ട കുട്ടികൾക്കുമൊക്കെ ഇതിൽ പ്രവേശനം ലഭിക്കും. അതിൽ ഈ ഗവൺമെന്റിന്റെ നയം എന്താണ്, അല്ലെങ്കിൽ ഗവൺമെന്റ് എന്തുകൊണ്ട് അതിന് മടിക്കുന്നു? മൂന്ന് കോളേജ് അനുവദിക്കാൻ തീരുമാനിച്ചതിൽ ഞങ്ങളോടൊക്കെ അനീതി കാണിച്ചു എന്നുള്ള ഒരു പരിഭവം ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. പ്രതിഷേധമല്ല, ഒരു പരിഭവം പ്രകടിപ്പിക്കുകയാണ്. സർക്കാർ മേഖലയിൽ കൊഴിഞ്ഞാംപാറയിൽ മാത്രം ഒരു ഗവണ്മെന്റ് കോളേജ് അല്ലാതെ ഉന്നത വിദ്യാഭ്യാസരംഗത്ത് എയ്ഡഡ് മേഖലയിലോ സഹകാര്യമേഖലയിലോ മറ്റൊരു കോളേജും ആരംഭിക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിനു മറുപടിയായി സഭയിൽ പറഞ്ഞിട്ട് കൊഴിഞ്ഞാംപാറയിൽ ആരംഭിക്കുന്ന കോളേജിന്റെ മറവിൽ മറ്റ് രണ്ട് എയ്ഡഡ് കോളേജുകൾകൂടി ആരംഭിക്കുന്നതിന് ഉത്തരവിറങ്ങിയതായി അറിഞ്ഞു. ഞങ്ങളൊക്കെ അപേക്ഷകരാണ്, ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ, ഒരു കോളേജുപോലും ഇല്ലാത്ത മണ്ഡലത്തിൽ കോളേജ് ആരംഭിക്കണമെന്ന ആവശ്യമുള്ളപ്പോഴാണ് ഇത് അനുവദിച്ചിരിക്കുന്നത്. ഇത് ഈ സഭ അറിഞ്ഞില്ല, ധനകാര്യവകുപ്പുമന്ത്രി അറിഞ്ഞില്ല. അങ്ങനെ ബൈപ്പാസ് ചെയ്ത് പോയി എന്നു പറയാൻ സാധിക്കില്ല. ക്യാബിനറ്റ് തീരുമാനിക്കാതെ ഒരു തീരുമാനമെടുക്കാൻ പറ്റില്ല, പക്ഷേ, ഫിനാൻസ് മിനിസ്റ്റർ പറഞ്ഞു, ഞാൻ അറിഞ്ഞിട്ടില്ല എന്ന്. അങ്ങനെ ഒരു ആലോചന എപ്പോഴോ നടന്നു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ അതിന്റെ ജി.ഒ. ഇറങ്ങിയ തീയതിയൊക്കെ പറഞ്ഞില്ലേ? കേരള ഗവൺമെന്റ് അങ്ങനെ മൂന്ന് കോളേജ് ആരംഭിക്കുന്നുണ്ടെങ്കിൽ അത് വളരെ നയപരമായ കാര്യമാണ്. 10 കൊല്ലമായി കേരളത്തിൽ കോളേജ് ആരംഭിച്ചിട്ടില്ല. ഐ.എച്ച്.ആർ.ഡി.യുടെ കാര്യമല്ല ഞാൻ പറയുന്നത്. ഞങ്ങൾ ഇതാ കോളേജ് ആരംഭിക്കുന്നു, ഇന്ന ഇന്ന കോളേജ് ആർക്കാണെന്നുവച്ചാൽ പറയൂ. അതല്ലാതെ ഞങ്ങളോട് കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നില്ല, ആകെ സർക്കാർ മേഖലയിൽ കൊഴിഞ്ഞാംപാറ ഒരു കോളേജ് മാത്രമേയുള്ളൂ എന്നു പറയുകയും മറ്റ് രണ്ട് കോളേജുകൾകൂടി കൊടുക്കാൻ തീരുമാനിച്ച് അതിന് ഉത്തരവിറക്കുകയും ചെയ്തിട്ട് സഭയിൽ വന്ന് അതിനെക്കുറിച്ച് അറിയില്ല എന്ന് അവ്യക്തമായി മറുപടി പറയുന്നത് ശരിയാണോ? ഇത് അങ്ങയുടെ മറുപടിയിൽ ഉണ്ടാകണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. പി. മോഹനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ പേര് കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കൽ എന്നാണ്. അതുതന്നെ വളരെ തമാശയായിട്ടാണ് തോന്നുന്നത്. ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കുക എന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് നെഞ്ചത്ത് കൈവച്ചുകൊണ്ട് പടച്ചോന്റെ പേരിൽ പറയാൻ കഴിയുമോ? ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കാൻ കഴിയില്ല എന്നതാണ് സത്യം. കാരണം, ഞാൻ ഇവിടെ ഈ സബ്മിഷൻ ഉന്നയിച്ചുകൊണ്ട് മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് ട്യൂഷൻ ഫീസ് ഈടാക്കുന്നതിനെക്കുറിച്ച് ചോദിച്ചു, 2003-2004 വർഷത്തിൽ അഡ്മിഷൻ ലഭിച്ച കുട്ടികളിൽനിന്ന് ട്യൂഷൻ ഫീസ് വാങ്ങുന്നത് സർക്കാർ ഫീസല്ല, കൂടുതലാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അങ്ങേക്ക് ഫീസ് നിരോധിക്കൽ സാദ്ധ്യമല്ല എന്ന്. ഇവിടെ എൻ.ആർ.ഐ. ക്വാട്ടയെപ്പറ്റി പറഞ്ഞു, അതാണ് ഇതിലെ പ്രധാനപ്പെട്ട കാര്യം. എൻ.ആർ.ഐ. ക്വാട്ടയിൽ എസ്.സി./എസ്.ടി.-ക്ക് സംവരണം വേണം. അത് വളരെ അത്യാവശ്യമുള്ളതാണ്. എൻ.ആർ.ഐ. ക്വാട്ട എന്നു പറയുമ്പോൾ 15 ശതമാനം എന്നു പറഞ്ഞ് അത് ഒരു ഒഴുക്കൻ മട്ടിൽ പോകുമ്പോൾ ഒരുപാട് ആളുകൾക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ല. അതുപോലെതന്നെ എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം ലഭിക്കേണ്ടവർ എൻട്രൻസ് പരീക്ഷയുടെ ലിസ്റ്റിൽനിന്നുതന്നെ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം. അതൊന്നും ഇതിൽ പറയുന്നില്ല. ഇത്തരത്തിൽ അഡ്മിഷൻ ലഭിച്ച കുട്ടികളിൽനിന്ന് ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞു. ഇങ്ങനെയുള്ള തെറ്റായ രീതി യു.ഡി.എഫ്. അനുവർത്തിക്കുമ്പോൾ അതിനെതിരെ ശക്തമായി അവരെ അടിച്ചമർത്തുന്ന രീതിയാണ് ഈ സർക്കാർ അനുവർത്തിച്ചുവരുന്നത്.

ശ്രീ. രാജു എബ്രഹാം: എൻ.ആർ.ഐ.യുടെ കാര്യം അങ്ങ് വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ഇവിടെ സമുദായത്തിനു വന്ന കണ്ടിശ്ശേരി വിജയിൽ എന്ന പ്രവാസി സംഘടനയുടെ പ്രസിഡന്റിനെ നോർക്ക ചെയർമാനെതിരെ വിമർശനം ഉന്നയിച്ചതിന്റെ പേരിൽ കഴക്കൂട്ടത്തുവച്ച് ഓടിച്ചിട്ട് തല്ലുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇനി ഏതെങ്കിലും എൻ.ആർ.ഐ.-ക്കാർ നിക്ഷേപവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യത്തിന് ഇങ്ങോട്ട് വരുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ നോർക്ക ചെയർമാൻ ശ്രീ. എം. എം. ഹസ്സൻ ഇവിടെ ശ്രീ. ദേവകുമാറിന് ഒരു കളിപ്പേര് നൽകുകയുണ്ടായി, എം. എം. ഹസ്സൻ എന്നു പറഞ്ഞാൽ യഥാർത്ഥത്തിൽ മലയാളിയുടെ മാനം കളയുന്ന ഹംസൻ എന്നാണെന്നുള്ളത് അങ്ങേക്ക് മനസ്സിലായിട്ടുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: അതുകൊണ്ട് ഫീസ് നിരോധിക്കലല്ല ഈ സർക്കാർ ചെയ്യുന്നത്, ഫീസ് കൂടുതൽ ഈടാക്കിക്കൊണ്ട് സാധാരണക്കാരെ പിഴിയുന്ന നയമാണ് ഈ സർക്കാർ അനുവർത്തിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ പറയേണ്ട മറ്റ് കാര്യങ്ങളൊക്കെ ശ്രീ. രാധാകൃഷ്ണനും മറ്റും ഇവിടെ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ നിറുത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ഈ ബില്ലിൽ ഒരു ബില്ലിന്റെ സ്കോപ്പിൽനിന്നുകൊണ്ട് ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. ഇപ്പോൾ ഇവിടെ ഓപ്പൺ ചെയ്തിട്ടുള്ള ഈ ബില്ലിൽ ആകെ ചർച്ച ചെയ്യപ്പെടേണ്ട പ്രശ്നം എന്നു പറയുന്നത് മാനേജ്മെന്റ് ക്വാട്ടയിൽനിന്നും 15 ശതമാനം എൻ.ആർ.ഐ. സീറ്റ് എന്നുപറഞ്ഞിരിക്കുന്നത് 15 എണ്ണം എന്നാക്കിയതിനെക്കുറിച്ചാണ്. ശരിക്ക് ഉദ്ദേശിച്ചിരിക്കുന്നത് മാനേജ്മെന്റ് സീറ്റ് 50 ഉണ്ടെങ്കിൽ അതിൽ 35 സീറ്റ് മാനേജ്മെന്റിനും 15 സീറ്റ് എൻ.ആർ.ഐ.-ക്കും എന്നാണ്. പക്ഷേ, അത് ഇന്റർപ്രട്ട് ചെയ്തപ്പോൾ കുറേ ആശയക്കുഴപ്പം വന്നു. അതിന് ക്ലാരിറ്റി വരുത്താൻവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. 15 എണ്ണം എന്നുള്ള ഒറ്റ പോയിന്റാണ് ഇതിൽ ഓപ്പൺ ചെയ്തിട്ടുള്ളത്. ഇവിടെ വേറെ ഒരുപാട് കാര്യങ്ങൾ സംസാരിച്ചു, അതൊക്കെ വേറെ ഒരു ബില്ലിൽ വിശദമായി ചർച്ചചെയ്യപ്പെടേണ്ട കാര്യങ്ങളാണ്. അതുകൊണ്ട് ഓപ്പൺ ചെയ്തതിലേ നമുക്ക് ഇപ്പോൾ തീരുമാനമെടുക്കാൻ സാധിക്കൂ. രണ്ടാമത്, ഇവിടെ രണ്ടു മൂന്ന് കാര്യങ്ങൾ പൊതുവായി പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ചിലതൊക്കെ പറയാൻ ആഗ്രഹിക്കുന്നു. NAAC-ന്റെ accredition-നെ കുറിച്ചൊക്കെ വളരെയധികം പറഞ്ഞു. NAAC-ന്റെ accredition വന്നതിനുശേഷം ശരിക്കുപറഞ്ഞാൽ ഉന്നതവിദ്യാഭ്യാസമംഗത്ത് ക്വാളിറ്റിയുടെ കാര്യത്തിൽ .....

ശ്രീ. ജോണി നെല്ലൂർ: ഇപ്പോൾ എൻ.ആർ.ഐ.ക്ക് 15 സീറ്റെന്ന് അങ്ങ് പറഞ്ഞു, എവിടെയെങ്കിലും 15 സീറ്റിൽ എൻ.ആർ.ഐ. കുട്ടികൾ വന്നില്ലെങ്കിൽ ആ സീറ്റുകൾ എന്തു ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എൻ.ആർ.ഐ. ക്വാട്ടയിൽ കുട്ടികൾ വന്നില്ലെങ്കിൽ സ്വാഭാവികമായിട്ടും അത് മറ്റ് ക്വാട്ടയിൽനിന്നും എടുക്കും. ഏത് റിസർവ്വേഷനിലും അതാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ പേപ്പറ്റ് ആക്ട് ചർച്ച ചെയ്യപ്പെട്ടപ്പോൾ ഡിസ്കസ് ചെയ്യേണ്ട കാര്യങ്ങളായിരുന്നു. ആ സമയത്ത് ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോൾ ആലോചിച്ചിട്ട് കാര്യമില്ല. 2004-മുതൽ എഫക്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ബില്ലിൽ കുട്ടികളുടെ അഡ്മിഷൻ കഴിഞ്ഞതിനുശേഷം ഡെഫനിഷൻ കൊണ്ടുവരണമെന്നു പറയുന്നത് ശരിയല്ല. 2004-ൽ അന്നത്തെ നിർവ്വചനപ്രകാരം അഡ്മിറ്റ് ചെയ്ത് പിൻകാല പ്രാബല്യം ഉള്ള ഒരു ബില്ലിന് ഇപ്പോൾ നിർവ്വചനം പറയാൻ ഒക്കുമോ? അപ്പോൾ ഇതെല്ലാം സിമ്പിളായ സംഗതികളാണ്. ഇതൊക്കെ വേറെ നിയമനിർമ്മാണഘട്ടത്തിൽ ആലോചിക്കാം എന്നല്ലാതെ ഡെഫനിഷൻ ക്ലോസ് നീ-ഓപ്പൺ ചെയ്യാൻ പറ്റില്ല. നീ-ഓപ്പൺ ചെയ്യാത്ത ഒരു ക്ലാസ്സിന്റെ പുറത്ത് 2004-ലെ അഡ്മിഷനുശേഷം അങ്ങനെ ചെയ്യണമെന്നു പറഞ്ഞാൽ നടക്കില്ല എന്ന് നിങ്ങൾക്കൊക്കെ അറിയാം. അതുകൊണ്ട് അത് ഈ ഘട്ടത്തിൽ ആലോചിച്ചിട്ട് കാര്യമില്ല. പിന്നെ ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. മത്തായി ചാക്കോ പറഞ്ഞ കാര്യം ക്ലാരിഫൈ ചെയ്യുന്നു, രണ്ടു മൂന്ന് ദിവസമായി വഹാബിന് കോളേജ് കൊടുത്ത കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മൾ പറയുന്ന കാര്യങ്ങൾ എപ്പോഴും സത്യസന്ധമായിരിക്കണം; രാഷ്ട്രീയ വിമർശനമാകാം. അതൊക്കെ ശരിയാണ്, നമ്മൾ അപ്പപ്പോൾ അതൊക്കെ പറയും. മന്ത്രി ലീഗിന്റെ പ്രതിനിധി വഹാബിന് കോളേജ് കൊടുത്തു, വഹാബിന് കോളേജ് കൊടുത്തത് എന്തിനാണ് എന്നാണ് ഇവിടെ പലരും ചോദിച്ചത്. വഹാബിനു കോളേജ് കൊടുത്തിട്ടേയില്ല. ഈ ഗവണ്മെന്റ് ഒരു വ്യക്തിക്കും കോളേജ് കൊടുക്കുകയില്ല. അത് ഈ ഗവണ്മെന്റിന്റെ നയമല്ല. ഇത് ഗവണ്മെന്റ് ഉത്തരവാണ്. ശ്രീ. മത്തായി ചാക്കോയുടെ കൈയിൽ ഗവൺമെന്റ് ഉത്തരവുണ്ട്. അദ്ദേഹത്തെപ്പോലെ വളരെ നല്ല ഒരു മനുഷ്യൻ എന്തിനാണ് വസ്തുതകൾ ഇങ്ങനെ വളച്ചൊടിക്കുന്നത്? തെറ്റിദ്ധാരണയുള്ളതുകൊണ്ട് ഈ ഗവൺമെന്റ് ഉത്തരവ് ഞാൻ ഇവിടെ വായിക്കുകയാണ്.

"Government are also pleased to accord sanction for starting an aided Arts & Science College at Santhigram, Mylady under the management of Nilambur Muslim Orphanage Committee, Santhigram, Mylady, Eranjimangadu, Malapuram from the year 2005-2006 with the following courses B.A. (Eng), B.com., B.T., H.M., അങ്ങനെ പോകുന്നു. Nilambur Muslim Orphanage Committee will execute an agreement to the effect that 20 per cent seat will be set apart for orphans of these courses". അതുകൂടി ഉണ്ടെന്നുള്ള സത്യം നിങ്ങൾ അറിയുക. അവിടെയാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ഞങ്ങൾ എഴുതിച്ചേർത്തതുതന്നെയാണ്. ഒരു അനാഥശാലയ്ക്ക് ..... ഇവിടെ പല അംഗങ്ങളും സംസാരിച്ചല്ലോ, സമ്പന്ന വിഭാഗത്തിനു പോകുന്നു, ഞങ്ങൾ സമ്പന്നവിഭാഗത്തിനുവേണ്ടി നിൽക്കുന്നു എന്നൊക്കെ പറയുന്ന നിങ്ങൾ ഈ ജി.ഒ. ദയവായി ഒന്ന് വായിക്കുക. എയിഡഡ് ആയിട്ട് ഒരു കോളേജ് ഓർഫനേജിന് കൊടുക്കുന്ന സമയത്ത് അനാഥകുട്ടികൾക്ക് അത് അന്യമാകരുത് എന്ന ചിന്ത ഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഈ തീരുമാനമെടുത്തത്. നിങ്ങൾക്ക് എന്താണിത് മനസ്സിലാക്കാൻ കഴിയാത്തത്? വെറുതെ എന്തിനാണ്? വഹാബ് ഈ കമ്മിറ്റിയുടെ പ്രസിഡന്റാണ്. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് മുപ്പത് കൊല്ലമായി ..... നിങ്ങൾ മനസ്സിലാക്കണം, ശ്രീ. കോടിയേരിക്കൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്ന സംഗതിയാണ്. നിങ്ങൾക്ക് അറിയില്ലെങ്കിൽ ഞാൻ പറഞ്ഞുതരാം. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് 1979-ലാണ് എന്നാണെന്റെ ഓർമ്മ, അനുമതി കൊടുത്ത യത്തീംഖാന 30 കൊല്ലമായി വർക്ക് ചെയ്യുന്ന അനാഥയ വർക്കുള്ള ഒരു സ്ഥാപനമാണ്. അത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ഗ്രാന്റ് വാങ്ങുന്നതാണ്. ഞങ്ങളൊരു സാഹസികത കാണിച്ച് അനാഥരായ വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തി ഒരു കോളേജ് കൊടുത്തപ്പോൾ അത് സമ്പന്നനായ വഹാബിന്റേത് എന്നൊന്നും പറയുന്നത് ശരിയല്ല. സത്യത്തിൽ ഇക്കാര്യത്തിൽ ..... നിങ്ങൾ പറഞ്ഞത് നിങ്ങൾക്ക് അറിയാത്തതുകൊണ്ടായിരിക്കും. അറിയാത്തതുകൊണ്ട് ഞാൻ വിശദീകരിക്കുന്നു എന്നേയുള്ളൂ. ഗവൺമെന്റ് ഒരിക്കലും അങ്ങനെ ചെയ്യില്ല. അത് നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ പറയുകയാണ്. പിന്നെ മറ്റൊരു സംഗതിയെന്നു പറയുന്നത്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു കോളേജിന് കോഴ്സ് കൊടുത്തില്ലായെന്ന് ശ്രീ. മത്തായി ചാക്കോ പറഞ്ഞു, എനിക്ക് അറിയില്ല. ഞാൻ അതിന്റെ രേഖ നോക്കിയിട്ട് പറയാം. ഈ ഗവൺമെന്റ് വന്നപ്പോൾ ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.എ.-മാർക്കും അറിയാം, എല്ലാ ഗവൺമെന്റ് കോളേജുകൾക്കും ഓരോ കോഴ്സ് കൊടുത്തു എന്നുള്ളത്. യൂണിവേഴ്സിറ്റി റെക്കമെന്റ് ചെയ്തുവന്ന എല്ലാ കോളേജുകൾക്കും കോഴ്സ് കൊടുത്തിട്ടുണ്ട്. കൊടുക്കാതെപോയിട്ടുണ്ടെങ്കിൽ അത് യൂണിവേഴ്സിറിയുടെ വാലിഡ് റെക്കമെന്റേഷൻ ഇല്ലാത്തതു കൊണ്ടായിരിക്കും. എന്റെ മണ്ഡലത്തിലെ കോളേജിനും ഉണ്ടായിരുന്നില്ല. തിരൂർ തുഞ്ചൻ കോളേജിന് അന്ന് ഉണ്ടായിരുന്നില്ല. അങ്ങനെ കേരളത്തിൽ എന്റെ ഓർമ്മ ശരിയാണെങ്കിൽ മുപ്പത് ഗവൺമെന്റ് കോളേജുകൾ ഉള്ളതിൽ ഇരുപത് ഇരുപത്തിയഞ്ച് കോളേജുകൾക്ക് മുഴുവൻ കൊടുത്തു. യൂണിവേഴ്സിറ്റി ഫോർവേഡ് ചെയ്ത എല്ലാ ഗവൺമെന്റ് കോളേജിനും ഉണ്ടായിരുന്നു. ഓരോ കോഴ്സ് ഞാൻ മന്ത്രിയായശേഷം വന്ന ഉമ്മൻചാണ്ടി ഗവൺമെന്റ് കൊടുത്തു. അന്ന് വാലിഡ് അപേക്ഷയുണ്ടാകില്ല. അദ്ദേഹത്തിന്റെ ഈ കോളേജിന് കോഴ്സ് കൊടുക്കാത്തതെന്താണെന്ന് ഞാൻ നോക്കിയിട്ട് പറയാം. വാലിഡ് റെക്കമെന്റേഷനുണ്ടെങ്കിൽ ഒരു കോളേജിനേയും ഒഴിവാക്കിയിട്ടില്ല. അത്രയേ അതിനെപ്പറ്റി പറയാനുള്ളൂ. ശ്രീ. രാജേന്ദ്രൻ പറഞ്ഞ എൻട്രൻസിന്റെ കാര്യം; ചർച്ച ചെയ്യേണ്ട കാര്യമാണ്. എൻട്രൻസ് ഇപ്പോൾ അങ്ങനെ പെട്ടെന്ന് തീരുമാനിക്കാൻ കഴിയുന്ന കാര്യമല്ല. അതിന് മറ്റ് സംഗതികളൊക്കെയുണ്ട്. ഇതിനുമുമ്പ് ഒരു ചോദ്യത്തിന് മറുപടിയായി ഞാൻ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് പെട്ടെന്ന് എടുത്തുചാടിച്ചെന്ന് ചെയ്യാൻ പറ്റുന്ന കാര്യമല്ല. അതിന് അതിന്റെ പ്രശ്നങ്ങളുണ്ട്. ക്വാളിഫൈയിംഗ് എക്സാമിനേഷനെ അവലംബിക്കാൻ പെട്ടെന്ന് കഴിയുകയില്ല. ക്വാളിഫൈയിംഗ് എക്സാമിനേഷൻതന്നെ പല ജാതിയുണ്ട്. അത് ഏകീകരിക്കേണ്ട പ്രശ്നമുണ്ട്. അതിലെ ഒരു സംഗതി, രണ്ടാമത് മാർക്ക് ഇടുന്ന സമയത്തൊക്കെത്തന്നെ ഇന്നത്തെ സംവിധാനത്തിൽ ക്വാളിഫൈയിംഗ് എക്സാമിനേഷൻ നോക്കിയാൽ പ്രശ്നങ്ങളുണ്ട്, അതൊക്കെ ആലോചിച്ച് ചെയ്യേണ്ട കാര്യങ്ങളാണ്. ഇത്തരം കാര്യങ്ങൾക്കൊക്കെത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്കഷൻ വയ്ക്കാം. പിന്നെ സ്വാശ്രയ കോളേജിനെപ്പറ്റി പൊതുവായി പറഞ്ഞു, ഞാൻതന്നെ പല ഘട്ടങ്ങളിലും പറഞ്ഞിട്ടുള്ളതാണ്. ഒറ്റക്കാര്യം എല്ലാപേരും ഇങ്ങനെ സ്വാശ്രയ കോളേജ് എന്നു പറഞ്ഞാൽ ഏതാണ്ട് ഒരു മഹാപാപകടമാണ് എന്നുള്ള സ്വഭാവത്തിൽ പറയുന്നതിൽ അർത്ഥമില്ല. സ്ഥിതിവിവരക്കണക്കൊക്കെ ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. സ്വാശ്രയ കോളേജ് വന്നതിനുശേഷം എസ്.സി./എസ്.ടി. വിഭാഗത്തിലും മറ്റ് ഒ.ബി.സി. വിഭാഗത്തിലുമുള്ള കുട്ടികൾക്കൊക്കെത്തന്നെ പഠിക്കാൻ അവസരമുണ്ടായിട്ടുണ്ട്. എന്നാൽത്തന്നെയും സ്വാശ്രയ കോളേജിന് അതിന്റേതായിട്ടുള്ള പോരായ്മയുണ്ട്. ആ പോരായ്മകൾ പരിഹരിക്കണമെന്നത് ശരിയാണ്. പക്ഷേ ഒരു കാര്യം നിങ്ങളെല്ലാപേരും തിരിച്ചറിയുക; അത് എന്താണ്? നിങ്ങളൊക്കെ യാത്ര ചെയ്യുന്നവരാണ്. നിങ്ങൾക്കൊക്കെ അറിയാം, കെ.കെ. എക്സ്പ്രസ്സിൽ ഡൽഹിയിൽ പോകുകയാണെങ്കിൽ വെക്കേഷൻ സമയത്ത് അതിൽ യാത്ര ചെയ്യുന്നതെല്ലാം കേരളത്തിലെ കുട്ടികളായിരിക്കും. എന്തിനാണെന്ന് അറിയാമോ? പാരാ മെഡിക്കൽ കോഴ്സിനു പഠിക്കാൻവേണ്ടി ഡൽഹിയിൽ പോകുന്നവരും, പ്രാന്തപ്രദേശത്ത് പോകുന്നവരുമൊക്കെയുണ്ട്. ഞാൻ ഒരിക്കൽ മണിപ്പൂരിൽ പോയിരുന്നു. അവിടെ ബി. എഡ്.-ന് പഠിക്കാൻ ആ തണുപ്പിൽ ഇവിടത്തെ കുട്ടികൾ പോയിട്ടുണ്ട്. കേരളത്തിലെ ട്രെൻഡ് മാറുകയാണ്. ഞാൻ flow തിരിച്ചുവിടുകയാണ്. ഒരുകാലത്ത് കേരളത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി കുട്ടികൾ പുറത്തേക്ക് പോയിരുന്നുവെങ്കിൽ ഇന്ന് കുട്ടികൾ പോകുന്നില്ല എന്നുമാത്രമല്ല, ഞാൻ പറയട്ടെ, ഒരു കുട്ടിപോലും ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി കേരളത്തിൽനിന്ന് ഇനി പുറത്തേക്ക് പോകുന്ന അവസ്ഥയുണ്ടാകില്ല. ആ സ്വഭാവത്തിലേക്ക് ഞങ്ങൾ കേരളത്തെ മാറ്റുകയാണ്. അതിനിടയിൽ പോരായ്മകളുണ്ടാകും. അതുപോലെ ഗവൺമെന്റ് കോളേജിലും എയിഡഡ് കോളേജിലുമൊക്കെ പോരായ്മകളുണ്ട്. സ്വാശ്രയകോളേജിന് പോരായ്മകളുണ്ട്. സ്വാശ്രയ കോളേജിലെ പോരായ്മകൾ പരിഹരിക്കാൻവേണ്ടിയുള്ള നടപടികൾ എടുക്കണമെന്നുമാത്രമാണ് അതുസംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് ഒറ്റ പോയിന്റ് മാത്രമേയുള്ളൂ. ക്ലാസ് ബൈ ക്ലാസ് സംബന്ധിച്ച് പല കാര്യങ്ങളും ഇവിടെ പറഞ്ഞു, ഏതായാലും ശരി, ആ ചെറിയ ഉദ്ദേശ്യം മാത്രമാണ് ഇതിനുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ;

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri K. P. Mohanan: Sir, I move the following amendments.

(79) In the proviso to Section 3(4) of the principal Act proposed to be amended by clause 2 for the words "not more than 15 seats in the Management Quota" substitute the words "not more than 5 seats in the Management Quota".

(101) In the proviso of Section 3(4) of the principal Act proposed to be amended by clause 2, the following explanation shall be added: –

"*Explanation:* For the purpose of this section, dependent of NRI means the wife or husband, children including adopted children and step children and grand children for the purpose of this section dependancy need not be financial dependaney".

Shri K. P. Rajendran: Sir, I move the following amendment:

(82) In the proviso to the Section 3(4) of the principal Act proposed to be amended by clause 2, for the words "not more than 15 seats in the Management Quota" the words "not more than 8 seats in the Management Quota" shall be substituted.

Shri Kodiyeri Balakrishnan: Sir, I move the following amendments:

(91) In the proviso to Section 3(4) of the principal Act proposed to be amended by clause 2, for the words and figures "not more than 15 seats in the Management Quota" substitute the words "not more than sixteen per cent of the seats in the Management Quota or eight seats whichever is higher".

(94) After the existing proviso to sub-section (4) of section 3 of the principal Act proposed to be amended by clause 2 add the following further proviso, namely:—

LIBRARY ARCHIVES Kerala Legislative Assembly

"Provided further that the reservation of 15 seats in the Management Quota shall have effect only for the admission to the academic year 2005-2006 and thereafter the seats reserved for the dependents of NRI shall only be sixteen per cent of the Management Quota."

സർ, മറ്റ് ഡിറ്റെയിൽസ് മൂന്നാം വായനയിൽ പറയാം.

Shri M. I' Jayarajan: Sir, I move the following amendments:

(92) In the proviso to section 3(4) of the principal Act proposed to be amended by clause 2, for the words and figures "not more than 15 seats in the Management quota" substitute the words, figure and symbol "not more than 15% of the seats in the Management quota after observing all the formalities of Communal reservation";

(100) In Section 3(4) of the principal Act proposed to be amended by clause 2, the following proviso shall be inserted:

"Notwithstanding anything contained in any other law for the time being in force, the seats to the dependents of Non-Resident Indians shall be filled up from the list prepared on the basis of Common Entrance Examination conducted by the Commissioner for Entrance Examination and the dependents shall only be the children or adopted children or the brothers and sisters of N.R.I's". 100-ാം നമ്പർ ഭേദഗതിയെക്കുറിച്ച് ഒരു വാചകം പറയാം. എൻ.ആർ.ഐ.' എന്നു പറഞ്ഞാൽ വ്യക്തമായി ഒരു നിർവ്വചനം വേണം. അല്ലാതെ സ്പോൺസർ ചെയ്യുന്ന ആർക്കും കൊടുക്കാം എന്നു പറയുന്നത് ശരിയാകില്ല. ഇപ്പോൾ എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ അവർ പ്രിപ്പയർ ചെയ്യുന്ന റാങ്ക് ലിസ്റ്റിൽനിന്നുള്ള ആളുകളെ മാത്രമേ തെരഞ്ഞെടുക്കാവൂ എന്നും അതോടൊപ്പം "dependents shall only be the children or adopted children or the brothers and sisters of N.R.I's" എന്ന ഭേദഗതിയും ഞാൻ മൂവ് ചെയ്യുന്നു.

Shri Binoy Viswam: Sir, I move the following amendment:

(96) In the proviso to Section 3(4) of the principal Act for the words "dependents of NRI's" the words "children of NRI's" shall he substituted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 79, 101 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 91, 94 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ കോടിയേരി ബാലകൃഷ്ണൻ: എന്റെ ഭേദഗതികളും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതിയും പ്രസ് ചെയ്യുകയും പോൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ —27

1. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
2. ,, ബിനോയ് വിശ്വം
3. ,, വി. കെ. ചന്ദ്രൻ
4. ,, ടി. കെ. ദേവകുമാർ
5. ,, പി. സി. ജോർജ്ജ്
6. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
7. ശ്രീ. കെ. കെ. ജയചന്ദ്രൻ
8. ,, എം. വി. ജയരാജൻ
9. ,, ജോണി നെല്ലൂർ
10. ,, പി. ജയരാജൻ
11. ,, വി. കെ. സി. മമ്മത്കോയ
12. ,, മത്തായി ചാക്കോ
13. ,, കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

14 ശ്രീ. എ. സി. മൊയ്തീൻ
15. ,, സി. കെ. നാണു
16. ,, എം. പ്രകാശൻ മാസ്റ്റർ
17. ,, കെ. രാധാകൃഷ്ണൻ
18. ,, എൻ. രാജൻ
19. ,, കെ. പി. രാജേന്ദ്രൻ
20. ,, രാജു എബ്രഹാം
21. ,, ടി. പി. രാമകൃഷ്ണൻ
22. ,, സാജു പോൾ
23. ,, കെ. പി. സതീശ്ചന്ദ്രൻ
24. ,, എ. സി. ഷൺമുഖദാസ്
25. ,, ഷിബു ബേബി ജോൺ
26. ,, പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്

പ്രതികൂരിക്കുന്നവർ —33

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, ഇ. എം. അഗസ്തി
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, പി. പി. ജോർജ്
8. ,, എം. എം. ഹസ്സൻ
9. ,, കെ. സി. ജോസഫ്
10. ,, പി. ജെ. ജോയി
11. ,, ഉമ്മൻ ചാണ്ടി
12. ,, എം. കെ. പോൾസൺ മാസ്റ്റർ
13. ,, ജി. പ്രതാപവർമ്മ തമ്പാൻ
14. ,, വക്കം പുരുഷോത്തമൻ
15. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ,, കെ. കെ. നായർ
17. ,, ലൂഡി ലൂയിസ്

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. സി. മമ്മൂട്ടി
19. „ ഇ. ടി. മുഹമ്മദ് ബഷീർ
20. „ കെ. മോഹൻ കുമാർ
21. „ എ. കെ. മണി
22. „ എഴുകോൺ നാരായണൻ
23. „ നാലകത്ത് സൂപ്പി
24. „ സ്റ്റീഫൻ ജോർജ്ജ്
25. „ എൻ. സുന്ദരൻ നാടാർ
26. „ സി. എഫ്. തോമസ്
27. „ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
28. „ തമ്പാനൂർ രവി
29. „ റോഷി അഗസ്റ്റിൻ
30. „ എൻ. ശക്തൻ
31. „ വി. ഡി. സതീശൻ
32. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
33. ശ്രീ. പി. ടി. തോമസ്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 27

പ്രതികൂലിക്കുന്നവർ — 33

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ;

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

Shri Kodiyeri Balakrishnan: Sir, I move the following amendment:

(103) In sub-clause (2) of Clause 3, after the words "as amended by the said ordinance" insert the words "except the admission of dependants of Non-resident Indians during the academic year 2004".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ;

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

Shri M. V. Jayarajan: Sir, I move the following amendments:

(71) In the preamble, after figures and symbol "2004", the word "only" shall be inserted.

(72) In clause 1(2) for the words "on the 15th day of July, 2004" substitute the words "on the date of notification in the gazette".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 71, 72 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ;

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബിൽ നിയമമാകുന്നതോടുകൂടി ഉണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. സ്വാശ്രയ സ്ഥാപനങ്ങളിലെ കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിലെ സീറ്റിൽ എൻ.ആർ.ഐ. ക്വാട്ട വർദ്ധിക്കുകയാണ്. മാനേജ്മെന്റ് ക്വാട്ടയിലുള്ള 50 ശതമാനം സീറ്റിന്റെ 15 ശതമാനമാണ് മാനേജ്മെന്റുകൾക്ക് നിശ്ചയിക്കാൻ അനുവാദം കൊടുത്തിരുന്നത്. മാനേജ്മെന്റ് 15 ശതമാനം എന്നത് അവരുടെ മാനേജ്മെന്റ് ക്വാട്ടയുടെ 15 ശതമാനം എന്നാക്കി വ്യാഖ്യാനിച്ച് പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ മാനേജ്മെന്റിന്റെ താൽപര്യത്തിനനുസൃതമായിട്ടുള്ള ഒരു നിയമനിർമ്മാണം നമ്മൾ ഉണ്ടാക്കിക്കൊടുക്കുകയാണ്. ചെരുപ്പിനനുസരിച്ച് കാൽ മുറിക്കുകയാണ് ഇവിടെ ചെയ്യുന്നത്; കാലിനനുസരിച്ച് ചെരുപ്പുണ്ടാക്കുകയല്ല. ഇവിടെ മാനേജ്മെന്റിന്റെ താൽപ്പര്യത്തിനനുസരിച്ച് നിയമം ഉണ്ടാക്കിക്കൊടുക്കുകയാണ്. 50 സീറ്റ് മെഡിക്കലിന് മാനേജ്മെന്റ് ക്വാട്ടയിൽ കൊടുത്താൽ അതിൽ, ഏഴ് സീറ്റാണ് മാനേജ്മെന്റിന് എൻ.ആർ.ഐ.-ൽ എടുക്കാൻ സാധിക്കുന്നത്. അതിനുപകരം 15 സീറ്റിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു. പരിയാരം മെഡിക്കൽകോളേജിൽ കഴിഞ്ഞവർഷം ഇങ്ങനെ ചെയ്തു. അത് കോടതിയിൽ കേസായി. അതിന്റെ അടിസ്ഥാനത്തിൽ കോടതി ആ നടപടി റദ്ദാക്കി. അതുകൊണ്ട് പരിയാരം മെഡിക്കൽ കോളേജിന്റെ കേസിൽ കോടതിവിധി മറികടക്കുന്നതിനുവേണ്ടിയാണ് ഈ ബില്ലിന് പൂർവ്വകാല പ്രാബല്യം കൊടുക്കുന്നത്. യഥാർത്ഥത്തിൽ മാനേജ്മെന്റിനെ നഗ്നമായി സഹായിക്കാൻ ഈ നിയമനിർമ്മാണസഭയെ ഉപയോഗിക്കുന്നു എന്നതാണ് ഇവിടെ നടക്കുന്നത്. വിദ്യാഭ്യാസ കച്ചവടത്തിനുവേണ്ടി ഈ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് നിയമം ഉണ്ടാക്കിക്കൊടുക്കുന്ന പ്രക്രിയയിൽ ഗവൺമെന്റ് ഏർപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ഇത്രവേണ സഭാസമ്മേളനം ചേർന്നത് നിയമനിർമ്മാണത്തിന് വേണ്ടിയാണ്. ഏറ്റവും കൂടുതൽ നിയമങ്ങൾ ചുരുങ്ങിയ സമയംകൊണ്ട് പാസ്സാക്കിയ ഒരു സമ്മേളനമാണ് ഇത്. നാളെ സമ്മേളനം അവസാനിക്കുന്നുണ്ടെങ്കിൽ വളരെ കൂടുതൽ ബില്ലുകൾ ഒറ്റയടിക്ക് പാസ്സാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സഭയായിട്ട് ഇത് മാറും. ഈ നിയമനിർമ്മാണങ്ങൾ നോക്കിയാൽ സ്വകാര്യ സ്വാശ്രയ കച്ചവടക്കാരെ സഹായിക്കാനുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത യാണ് ഇവിടെ നിഴലിക്കുന്നത്. എൻ.ആർ.ഐ.-ക്കാരുടെ ആശ്രിതർക്ക് ഇതിൽ പ്രവേശനം കൊടുക്കാം എന്നാണ് ഇവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി മന്ത്രിസഭയുടെ കാലത്ത് എൻ.ആർ.ഐ. സീറ്റ് സംബന്ധിച്ച് എൻ.ആർ.ഐ.-ക്കാരന്റെ മകനോ മകളോ ആയിരിക്കണം എന്നാണ് പറഞ്ഞിരുന്നത്. യു.ഡി.എഫ്. വന്നപ്പോൾ അതിൽ ഭേദഗതി വരുത്തി. എൻ.ആർ.ഐ.-ക്കാരുടെ നിർവ്വചനത്തിൽ മാറ്റംവരുത്തി ഇപ്പോൾ അവരുടെ ബന്ധുക്കൾ എന്നാക്കി. അതും വിപുലീകരിച്ച് ആശ്രിതർ എന്നാക്കി. ചുരുക്കത്തിൽ, എൻ.ആർ.ഐ.-ക്കാരൻ സ്പോൺസർ ചെയ്യുന്ന ഏതൊരാൾക്കും ഈ സീറ്റിൽ പ്രവേശനം കിട്ടും. ഫലത്തിൽ എല്ലാ സ്വകാര്യ മാനേജ്മെന്റുകൾക്കും 15 സീറ്റ് വിൽപ്പന നടത്താനുള്ള അനുമതിയാണ് ഇവിടെ കൊടുത്തിരിക്കുന്നത്. പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഏറ്റവും അവസാനം വരുന്ന വിദ്യാർത്ഥിയാണെങ്കിലും ആ വിദ്യാർത്ഥിക്ക് ഏതെങ്കിലും എൻ.ആർ.ഐ.-ക്കാരൻ ഡിപ്പെന്റന്റാണെന്ന് എഴുതിക്കൊടുത്താൽ പ്രവേശിപ്പിക്കാം. അപ്പോൾ ഇവിടെ വിദ്യാർത്ഥി പ്രവേശനത്തിന്റെ മാനദണ്ഡം മെറിറ്റല്ല, വിദ്യാർത്ഥി പ്രവേശനത്തിന്റെ മാനദണ്ഡം പണമായി മാറിയിരിക്കുകയാണ്. ഇതിൽ ആരാണോ കൂടുതൽ പണം കൊടുക്കാൻ തയ്യാറുള്ളത് ആ വിദ്യാർത്ഥിയെ എൻ.ആർ.ഐ.-യുടെ ഡിപ്പെന്റന്റാണെന്ന് പറഞ്ഞ് ചേർക്കാനുള്ള ഒരു അവസരമാണ് നമ്മൾ ഇവിടെ ഉണ്ടാക്കിക്കൊടുക്കുന്നത്. വലിയൊരു പകൽക്കൊള്ളയ്ക്കാണ് നമ്മൾ കൂട്ടുനിൽക്കുന്നത്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്കാണ് ഇതിന്റെ ഗുണം ഏറ്റവും കൂടുതൽ ലഭിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ സ്വാശ്രയ സർവ്വകലാശാലതന്നെ വന്നുകഴിഞ്ഞു. യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടം ഏറ്റവും ശക്തമായി നടക്കുന്ന സ്ഥിതിയിലുള്ള നിയമനിർമ്മാണമാണ് ഓരോ ദിവസവും നമ്മൾ ഉണ്ടാക്കി ക്കൊടുക്കുന്നത്. ഇവിടെ പുതിയ എയ്ഡഡ് കോളേജ് ആരംഭിച്ചതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. എയ്ഡഡ് കോളേജ് ആരംഭിക്കുന്നുണ്ടെങ്കിൽ അത് പത്രത്തിൽ പരസ്യം ചെയ്യണ്ടേ? ഏതെങ്കിലും യത്തീംഖാനയ്ക്ക് എയ്ഡഡ് കോളേജ് കൊടുത്തതിനെയല്ല ഞങ്ങൾ എതിർക്കുന്നത്. യത്തീം മക്കൾക്ക് വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. അങ്ങനെ കൊടുക്കുമ്പോൾ ഇങ്ങനെ എയ്ഡഡ് കോളേജ് കൊടുക്കാൻ ഗവൺമെന്റിന് പരിപാടിയുണ്ടെന്ന് പ്രഖ്യാപിക്കണ്ടേ? അതിനു പകരം ഇതൊരു സ്വകാര്യ കച്ചവടമായി ചെയ്യണ്ടതാണോ? മുസ്ലീം ലീഗിന് ഒരു കോളേജും എസ്.എൻ.ഡി.പി.-ക്ക് വേറൊരു കോളേജും വിവിധ സമുദായങ്ങളുടെ പേരിൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ഈ സംസ്ഥാനത്തുണ്ടാകുന്ന പ്രശ്നങ്ങൾ എന്താണെന്ന് ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ? ഇപ്പോൾ എൻ.എസ്.എസ്.-കാർ പറയുന്നു, ഞങ്ങൾക്ക് എയ്ഡഡ് കോളേജ് കിട്ടിയില്ല. ക്രിസ്ത്യൻ സഭക്കാർ പറയാൻ തുടങ്ങിയിരിക്കുന്നു, ഞങ്ങൾക്ക് എയ്ഡഡ് കോളേജ് കിട്ടിയില്ല എന്ന്. മുസ്ലീം ലീഗിന് കൊടുത്തു; എസ്.എൻ.ഡി.പി.-ക്ക് കൊടുത്തു; ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയില്ല എന്നു പറഞ്ഞ് വിവാദമുണ്ടായില്ലേ? എഴുത്തച്ഛൻ സമുദായത്തിലുള്ളവരും പറയുന്നു, ഞങ്ങൾക്ക് കിട്ടിയില്ല. എസ്. സി. വിഭാഗത്തിൽപ്പെട്ട സംഘടന പറയുന്നു, ഞങ്ങൾക്ക് എയ്ഡഡ് കോളേജ് കിട്ടിയില്ല. ഈ സംസ്ഥാനത്ത് പുതിയ എയ്ഡഡ് കോളേജുകളൊന്നും കൊടുക്കുകയില്ലെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് അതിനു വിരുദ്ധമായി ഗവൺമെന്റ് എന്തുകൊണ്ട് പ്രവർത്തിച്ചു എന്നതാണ് ഇവിടെ പ്രശ്നം. കഴിഞ്ഞ നിയമസഭയിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ പറഞ്ഞത്, ധനകാര്യവകുപ്പ് ഇത് അറിഞ്ഞിട്ടില്ല, വിദ്യാഭ്യാസ വകുപ്പിൽനിന്ന് പ്രൊപ്പോസ് ചെയ്ത് വരുന്നുണ്ടെന്നാണ്. എന്നാൽ ധനകാര്യവകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇത് പറയുന്നതിനുമുമ്പ്തന്നെ ഓർഡർ പുറത്തുവന്നിരുന്നു. ആരാണ് കേരളം ഭരിക്കുന്നത്? ധനകാര്യവകുപ്പ് അറിയാതെ എങ്ങനെ രണ്ട് പുതിയ എയ്ഡഡ് കോളേജ് വന്നു? ഗവൺമെന്റ് കോളേജുകൾ കൂടുതൽ കൊടുക്കുന്നതിന് ഞങ്ങൾ അനുകൂലമാണ്. എയ്ഡഡ് കോളേജുകൾ കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. ഇവിടെ സ്വാശ്രയ സ്ഥാപനങ്ങൾ കൂടുതൽ കൊടുക്കുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. എയ്ഡഡ് കോളേജുകളും ഗവൺമെന്റ് കോളേജുകളും കൂടുതൽ കൊടുക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം താൽപ്പര്യം വച്ചുകൊണ്ട് കൊടുക്കാൻ തയ്യാറാകണം. അതിനുപകരം ഗവൺമെന്റ് ചെയ്യുന്നത് തങ്ങൾക്ക് താൽപ്പര്യമുള്ള ആളുകളെ വിളിച്ച് നിങ്ങൾ ഒരു അപേക്ഷ കൊടുത്തോളൂ എന്നു പറഞ്ഞ് ഒരു എയ്ഡഡ് കോളേജ് കൊടുക്കുന്നു. ആ സിസ്റ്റമാണ് ഞങ്ങൾ എതിർക്കുന്നത്. അതിനുപകരം അതിനെ ദുർവ്യാഖ്യാനിച്ച് ഇത്തരത്തിലുള്ള നിയമനിർമ്മാണം നടത്തുന്ന രീതിയോട് ഞങ്ങൾക്ക് യോജിപ്പില്ല. എയ്ഡഡ് കോളേജ് കൊടുക്കുകയാണ് ഗവൺമെന്റിന്റെ നയമെങ്കിൽ അത് പരസ്യമായി പറയണ്ടേ? നിങ്ങൾ എന്തുകൊണ്ട് ഇത് സ്വകാര്യ കച്ചവടമാക്കി മാറ്റി? അതു പോലും സുതാര്യമായി ചെയ്യാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതി നടത്തിയ പ്രസംഗം നമ്മൾ ഇവിടെ ചർച്ച ചെയ്തു. അതിലുള്ള കണ്ടന്റ് എന്താണ്? എല്ലാം സുതാര്യമായിരിക്കും. ഇത്തരത്തിലുള്ള കോളേജ് കൊടുക്കുന്ന കാര്യത്തിൽ പോലും സുതാര്യത ഇല്ലാത്ത സമീപനം നിങ്ങൾ എന്തുകൊണ്ട് സ്വീകരിച്ചു? കേരളത്തിൽ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ വലിയ സാദ്ധ്യതയുണ്ട്. അതിനനുസരിച്ച് സൗകര്യങ്ങൾ നമ്മളുണ്ടാക്കിക്കൊടുക്കണം. പഴയ സ്ഥിതിയിൽ നിന്നും വന്ന മാറ്റങ്ങൾ മനസ്സിലാക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ സ്വാശ്രയ സ്ഥാപനങ്ങൾ വന്നപ്പോൾ ഞങ്ങൾ ആദ്യം എതിർത്തു. പക്ഷേ, ആ സീറ്റിൽ ഇരുന്നുകൊണ്ട് ബഹുമാനപ്പെട്ട എ. കെ. ആന്റണി ഞങ്ങളോട് ചോദിച്ചു, രണ്ട് സ്വാശ്രയ കോളേജ് വന്നാൽ ഒരു ഗവൺമെന്റ് കോളേജിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടുന്നതിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത് എന്ന്. ആ ചോദ്യമാണ് ഞങ്ങളെ നിശബ്ദരാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ധരിച്ചത് അങ്ങനെ ഇവിടെ നടക്കുമെന്നാണ്. പക്ഷേ എൻ.ഒ.സി. കൈയിൽ കിട്ടിയ മാനേജുമെന്റുകൾ കബളിപ്പിച്ചുവെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. ഗവൺമെന്റിനെ കബളിപ്പിക്കാൻ കഴിഞ്ഞത് ഗവൺമെന്റ്. ഇക്കാര്യത്തിൽ ഇച്ഛാശക്തിയോടെ ഇടപെടാത്തതിന്റെ ഫലമായിട്ടല്ലേ? ഇപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി പറയുന്നത് കേന്ദ്ര ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരാൻ പോകുന്നു; കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന നിയമത്തിന്റെ കരട് ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്; കേന്ദ്രം കൊണ്ടുവരാൻ പോകുന്ന കരട് ബില്ലിനെസംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് കഴിഞ്ഞ ദിവസം മന്ത്രി ഇവിടെ പറയുകയുണ്ടായി. കേന്ദ്രം കൊണ്ടുവരുന്ന ബിൽ അനുപിന്തിരിപ്പൻ ബില്ലാണ്. ആ ബില്ലിനോട് ഞങ്ങൾക്ക് യോജിക്കാനെ കഴിയുകയില്ല. മാതോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ വച്ചുകൊണ്ട് അതാത് സംസ്ഥാന നിയമസഭകൾക്ക് ആവശ്യമായ നിയമം നിർമ്മിക്കാൻ അനുവാദം നൽകിക്കൊണ്ടുള്ള ഒരു കേന്ദ്ര നിയമമാണ് ആവശ്യമായിട്ടുള്ളത്. അങ്ങനെ വന്നാലേ കേരളത്തിന്റെ പ്രശ്നം നമുക്ക് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പം പ്രവേശന പരീക്ഷയുടെ കാര്യത്തിൽ കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ വച്ചുകൊണ്ട് പരിശോധിക്കുമ്പോൾ ഗ്രാമീണ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് ഈ പ്രവേശന പരീക്ഷ വഴി ഈ മെഡിക്കൽ കോളേജിലും എഞ്ചിനീയറിംഗ് കോളേജിലും പ്രവേശനം കിട്ടുന്നില്ല. ഇതുസംബന്ധിച്ച് ഒരു പരിശോധന ആവശ്യമായി വന്നു. പരീക്ഷാകമ്മീഷണർ നടത്തുന്ന പരീക്ഷാ രീതി മാറ്റണമെന്നുള്ളതല്ല എന്റെ അഭിപ്രായം. അത് ചർച്ച ചെയ്ത് മാത്രമേ മാറ്റാൻ കഴിയുകയുള്ളൂവെന്ന മന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. അതേ സന്ദർഭത്തിൽ ഗ്രാമീണ മേഖലയിൽ നിന്നുള്ള വിദ്യാർത്ഥികൾ എന്തുകൊണ്ട് പരീക്ഷാ കമ്മീഷണർ നടത്തുന്ന റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നില്ല. അത് ഗൗരവമായി പരിശോധിക്കേണ്ട വിഷയമായി മാറിയിട്ടുണ്ട്. സാമൂഹിക നീതി ഉറപ്പ് വരുത്താത്ത ഒരു സ്ഥാപനത്തിന് സംസ്ഥാനത്ത് നിലനിൽപുണ്ടാവുകയില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, പിന്നോക്കവിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യം അനുഭവിക്കുന്ന ജനവിഭാഗങ്ങൾ തുടങ്ങിയവരിൽ നിന്നാണ് ഇത്തരം സ്ഥാപനങ്ങളിലേക്ക് പുതിയ വിദ്യാസമ്പന്നരായ ആളുകൾ കടന്നുവരേണ്ടത്. അങ്ങനെ കടന്നുവരുന്നതിനു വിരുദ്ധമാണ് ഇപ്പോൾ ഗവൺമെന്റ് ഉണ്ടാക്കുന്ന മാതോ നിയമനിർമ്മാണവും. എൻ.ആർ.ഐ.-ക്കാരെ രക്ഷിക്കാൻവേണ്ടി കാണിക്കുന്ന സർക്കാരിന്റെ ഈ വ്യഗ്രത പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുന്ന കാര്യത്തിൽ പ്രകടിപ്പിക്കുന്നില്ല. ഇതിനെയാണ് ഞങ്ങൾ ശക്തിയായി എതിർക്കുന്നത്. അതുകൊണ്ട് ഇങ്ങനെ സീറ്റ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഈ ബില്ലിനോട് ഞങ്ങൾക്ക് ശക്തിയായിട്ടുള്ള വിയോജിപ്പുണ്ട്. ഈ ബിൽ നിയമമാകാൻ പാടില്ല. ഇത് ഈ രീതിയിൽ നിയമമായിക്കഴിഞ്ഞാൽ ഭാവിയിൽ ഈ കച്ചവടം നടത്തുന്ന ആളുകൾക്ക് സഹായം ചെയ്തു കൊടുക്കലാകും. അതിൽക്കവിഞ്ഞ് സാധാരണക്കാർക്ക് ഒരു ഗുണവും കിട്ടാത്ത മരു നിയമനിർമ്മാണമാണിത്. അവസാനഘട്ടത്തിലെങ്കിലും ബഹുമാന്യനായ മന്ത്രി ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: ഇതിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യമായി വന്നിരിക്കുകയാണ്. അതായത് ശ്രീ. മത്തായി ചാക്കോ സംസാരിച്ച സമയത്ത് നിലമ്പൂരിൽ ഞങ്ങൾ കൊടുത്ത കോളേജിനെ സംബന്ധിച്ച യഥാർത്ഥ ചിത്രം എന്താണെന്ന് ഞാൻ പറഞ്ഞപ്പോൾ അത് അവർക്ക് ബോധ്യപ്പെട്ടു. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് വേറെ പോയിന്റാണ്. എയ്ഡഡ് കോളേജ് കൊടുക്കുന്ന സമയത്ത് നിങ്ങൾ എന്തുകൊണ്ട് പരസ്യപ്പെടുത്തിയില്ല എന്ന് ചോദിച്ചു. ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊക്കെ ഈ രാജ്യത്ത് ഒരുപാട് കാലമായി ജീവിക്കുന്നവരാണ്. എയ്ഡഡ് കോളേജ് കൊടുക്കുമ്പോൾ പരസ്യപ്പെടുത്തേണ്ട. എയ്ഡഡ് കോളേജിന് പരസ്യം കൊടുത്തിട്ട് കെ.ഇ.ആർ. പ്രകാരം സ്കൂളിന് അപേക്ഷ ക്ഷണിക്കുന്നതുപോലെയുള്ള സംഗതിയല്ല. ഇതൊക്കെ എന്നും ഉണ്ടായിട്ടുള്ള നടപടിക്രമങ്ങൾ തന്നെയാണ്. ഇതുപക്ഷം ഭരിച്ചപ്പോൾ പരസ്യം കൊടുക്കാറുണ്ടോ? കൊടുക്കാറില്ല. അതിന്റെ മെത്തേഡ് എന്നു പറയുന്നത് യൂണിവേഴ്സിറ്റിയിൽ അപ്ലൈ ചെയ്യും; അവരുടെ ഇൻസ്പെക്ഷൻ ടീം നോക്കിയിട്ട് 25, 30, 50, 100 കണക്കിന് ഫോർവേർഡ് ചെയ്യും. സർക്കാർ കൂടിയിരുന്ന് ആ ഫോർവേർഡ് ചെയ്തതിൽ ഇഷ്ടമുള്ളത് എടുക്കും; അത്രയേയുള്ളൂ. അതാണ് അതിന്റെ 'നടപടിക്രമം. ആ നടപടിക്രമം തന്നെയാണ് ഇതിലും പാലിച്ചിട്ടുള്ളത്. പിന്നെ അത് ലീഗല്ലേ, കോൺഗ്രസല്ലേ, എസ്.എൻ.ഡി.പി. അല്ലേ ഈ ചിത്രമൊക്കെ കൊടുക്കുന്നതിൽ അർത്ഥമില്ല. അങ്ങനെ കൊടുക്കുന്നത് ശരിയല്ല. പിന്നോക്കാവസ്ഥയൊക്കെ കണക്കിലെടുത്ത് ചില പരിഗണനകൾ വച്ചുകൊണ്ട് ചെയ്യാറുണ്ട്; ഇനിയും ചെയ്യും. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളേയും, പ്രദേശങ്ങളേയും കണക്കിലെടുത്ത് ചെയ്യും എന്നൊക്കെ പറഞ്ഞു. ശ്രീ. മത്തായി ചാക്കോ പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞെങ്കിലും ആ സമയത്ത് എന്റെ കൈയിൽ ഡീറ്റെയിൽസ് ഉണ്ടായിരുന്നില്ല. ഗവൺമെന്റ് കോളേജുകളെ നോക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ഗവൺമെന്റ് കോളേജുകളെ നോക്കണം. ഗവൺമെന്റ് കോളേജുകളെ നോക്കണമെന്നു പറഞ്ഞാൽ ഈ ഗവൺമെന്റ് ചെയ്തിരുന്നതുപോലെ ആരാണ് ചെയ്തത്? എന്റെ കൈയിലുള്ളത് ഒരു ഉത്തരവാണ്, മന്ത്രിയായതിനുശേഷമുള്ളതാണ്. 9-11-2004-ലെ ജി.ഒ. ആണ്. ഇതനുസരിച്ച് 20 ഗവൺമെന്റ് കോളേജുകൾക്ക് നല്ല കോഴ്സാണ് കൊടുത്തിരിക്കുന്നത്. ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളതാണ്.

ശ്രീ. മത്തായി ചാക്കോ: കഴിഞ്ഞ നാല് വർഷമായി മൊകേരി ഗവൺമെന്റ് കോളേജിൽ കണാരേട്ടൻ എം.എൽ.എ. ആയിരുന്ന സമയത്ത് പണിതീർത്ത മൂന്നുനില കെട്ടിടത്തിന്റെ രണ്ട് നില മുഴുവൻ ഒഴിഞ്ഞുകിടക്കുകയാണ്. ഒരു കോഴ്സിനുവേണ്ടിയിട്ട് ഏറ്റവും പിന്നോക്ക പ്രദേശമെന്ന് അങ്ങ് പറഞ്ഞല്ലോ, എയ്ഡഡ് കോളേജ് കൊടുക്കുന്നതിനു പിന്നോക്ക പ്രദേശം പറയുന്ന ആൾ ഗവൺമെന്റ് കോളേജിൽ ഒരു കോഴ്സ് കൊടുക്കുന്നതിനു എന്താണ് തടസ്സം?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഒരൊറ്റക്കാര്യം ചെയ്താൽ മതി. നാളെ രാവിലെ എന്റെ ആഫീസിൽ വന്നാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫോർവേർഡ് ചെയ്തതിന്റെ ലിസ്റ്റ് എടുത്ത് ശ്രീ. മത്തായി ചാക്കോയുടെ കൈയിൽ തന്നേയ്ക്കാം.

ശ്രീ. ബിനോയ് വിശ്വം: ഒരു ഗവൺമെന്റ് കോളേജിൽ രണ്ട് നിലകളിൽ ഏകദേശം 20 മുറികൾ വെറുതെ കിടക്കുകയാണ്. അവിടെ കോഴ്സുകൾ വേണം. പാവപ്പെട്ടവരുടെ പ്രദേശമാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ക്യാബിനറ്റ് എന്താണ് തീരുമാനിച്ചത് എന്നറിയാമോ? എല്ലാ ഗവൺമെന്റ് കോളേജിനും ഓരോ കോഴ്സ് കൊടുക്കാനാണ് തീരുമാനിച്ചത്. പക്ഷേ, ഗവൺമെന്റിന് ചെയ്യാൻ ഒക്കുകയില്ല. ശ്രീ. മത്തായി ചാക്കോയ്ക്ക് അതിൽ സംശയമുണ്ടെങ്കിൽ അന്വേഷിച്ചുകൊള്ളൂ. ഗവൺമെന്റിന്റെ കൈയിൽ വാലിഡായിട്ടുള്ള അപേക്ഷ ഇല്ലെങ്കിൽ കൊടുക്കാൻ ഒക്കുകയില്ല.

ശ്രീ. മത്തായി ചാക്കോ: യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷംതന്നെ ഗവൺമെന്റ് കോളേജുകളിൽ ഒരു കോഴ്സ് കൊടുത്തു കഴിഞ്ഞാൽ സാധാരണഗതിയിൽ സർവ്വകലാശാല കൊടുക്കേണ്ട. ഞാൻ ഓർഡർ കൊണ്ടുവന്നുതരാം. ഗവൺമെൻറ് കോളേജുകൾ കൊടുക്കുമ്പോഴും, ഗവൺമെന്റ് കോളേജുകളിൽ കോഴ്സ് കൊടുക്കുമ്പോഴും സർവ്വകലാശാലയുടെ കർമ്മങ്ങൾ സാധാരണ പാലിക്കാറില്ല. ശ്രീ. നാലകത്ത് സൂപ്പി മിനിസ്റ്ററായിരുന്ന സമയത്ത് സിൻഡിക്കേറ്റ് ഇവിടെ കോഴ്സ് കൊടുത്തിട്ടുണ്ട്. സർവ്വകലാശാലയുടെ അനുവാദമില്ലാതെ കോളേജ്പോലും കൊടുത്തിട്ടുണ്ട്. പിന്നീട് രണ്ടാമത് അംഗീകരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതായത് ചെക്ക് ചെയ്ത് ബോധ്യപ്പെടേണ്ട കാര്യം മാത്രമേയുള്ളൂ. വല്ല സംശയവുമുണ്ടെങ്കിൽ ചെക്ക് ചെയ്യാം. ഏത് കോളേജിന്റെ ലിസ്റ്റും അവിടെയുണ്ട്. ഓപ്പൺ ഡോക്യുമെന്റാണ്. യൂണിവേഴ്സിറ്റി ഫോർവേർഡ് ചെയ്ത ലിസ്റ്റ് ഏതാണെന്നുവച്ചാൽ നിങ്ങളുടെ കൈയിൽ തരാൻ ഞാൻ ഒരുക്കമാണ്. നിങ്ങൾ പരിശോധിച്ചുകൊള്ളൂ. പണ്ടുകാലത്ത് അല്ലെങ്കിൽ വേറെ ഏതെങ്കിലും കാലത്ത് യൂണിവേഴ്സിറ്റിയുടെ ശുപാർശയില്ലാതെ കോളേജ് കൊടുത്തിട്ടുണ്ടോ എന്ന് ചോദിച്ചാൽ എനിക്കറിയില്ല. ഞാൻ സമ്മതിക്കുകയില്ല. ഞാൻ വ്യവസ്ഥാപിതമായി പോകാൻ ആഗ്രഹിക്കുന്ന ആളാണ്. അല്ലെങ്കിൽ എന്തു പറയുമെന്നറിയാമോ? നിങ്ങൾതന്നെ പറയും പെട്ടിക്കടയ്ക്ക് കൊടുത്തു, മുറുക്കാൻ കടയ്ക്ക് കൊടുത്തു എന്നൊക്കെ. പെട്ടിക്കടയാണോ മുറുക്കാൻ കടയാണോ ഒഴിഞ്ഞുകിടപ്പുള്ളതെന്നു നോക്കേണ്ടത് ഗവൺമെന്റല്ല; അതിന്റെ അതോറിറ്റി യൂണിവേഴ്സിറ്റിയാണ്.

ശ്രീ. ബിനോയ് വിശ്വം: ഇത് ആരാണ് അന്വേഷിക്കേണ്ടത്? അങ്ങയുടെ വകുപ്പല്ലേ അന്വേഷിക്കേണ്ടത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ പറഞ്ഞോട്ടെ. ഇത്ര ആവേശം കാണിക്കുന്ന നിങ്ങൾക്ക് ..... (ബഹളം) ..... ഞാൻ ചോദിക്കുന്നത് യൂണിവേഴ്സിറ്റി അപേക്ഷിക്കണമെന്നു പറഞ്ഞപ്പോൾ നിങ്ങൾ പറയുന്നത് അതൊന്നും വേണ്ടായെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിനിസ്റ്റർ ഒരു തർക്കത്തിനു പോയിട്ട് കാര്യമില്ല. അങ്ങ് പറയാനുള്ളത് പറയുക.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ..... (ബഹളം) ..... നാലി കൊല്ലമായി അങ്ങയുടെ മണ്ഡലത്തിൽ ഇത്രയേറെ വികസനപ്രവർത്തനത്തിന് താൽപ്പര്യം എടുക്കുന്ന എം. എൽ. എ. എന്നുള്ള നിലയിൽ അങ്ങേക്ക് ഒന്ന് ചെക്ക് ചെയ്യാമായിരുന്നില്ലേ? അവിടന്ന് ഇങ്ങോട്ട് അയച്ചോയെന്ന് പരിശോധിക്കേണ്ടിയിരുന്നില്ലേ? നിങ്ങൾ അയയ്ക്കണ്ടേ? ഓരോ കാര്യത്തിന്റെയും ക്ലാരിറ്റി വരുത്തണം. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റ്മെന്റ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ —39

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, ഇ. എം. അഗസ്തി
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, പി. പി. ജോർജ്
8. ,, എം. എം. ഹസ്സൻ
9. ,, കെ. സി. ജോസഫ്
10. ,, പി. ജെ. ജോയി
11. ,, ഉമ്മൻ ചാണ്ടി
12. ,, എം. കെ. പോൾസൺ മാസ്റ്റർ
13. ,, ജി. പ്രതാപവർമ്മ തമ്പാൻ
14. ,, വക്കം പുരുഷോത്തമൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. „ ടി. യു. രാധാകൃഷ്ണൻ
17. „ കെ. കെ. നായർ
18. „ ലൂഡി ലൂയിസ്
19. „ സി. മമ്മൂട്ടി
20. „ ഇ. ടി. മുഹമ്മദ് ബഷീർ
21. „ കെ. മോഹൻകുമാർ
22. „ എ. കെ. മണി
23. „ എഴുകോൺ നാരായണൻ
24. „ കെ. കെ. ഷാജു
25. „ നാലകത്ത് സൂപ്പി
26. „ സ്റ്റീഫൻ ജോർജ്
27. „ എ. സുജനപാൽ
28. „ എൻ. സുന്ദരൻ നാടാർ
29. „ സി. എഫ്. തോമസ്
30. „ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
31. „ യു. സി. രാമൻ
32. „ തമ്പാനൂർ രവി
33. „ റോഷി അഗസ്റ്റിൻ
34. „ എൻ. ശക്തൻ
35 „ വി. ഡി. സതീശൻ
36. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
37. ശ്രീ. പി. ടി. തോമസ്
38. „ തോമസ് ഉണ്ണിയാടൻ
39. „ കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ —29

1. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
2. „ ബിനോയ് വിശ്വം
3. „ വി. കെ. ചന്ദ്രൻ
4. „ ടി. കെ. ദേവകുമാർ
5. „ പി. സി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
7. ശ്രീ. കെ. കെ. ജയചന്ദ്രൻ
8. „ എം. വി. ജയരാജൻ
9. „ ജോണി നെല്ലൂർ
10. „ പി. ജയരാജൻ
11. „ എം. കുമാരൻ
12. „ വി. കെ. സി. മമ്മത്കോയ
13. „ മത്തായി ചാക്കോ
14. „ കെ. പി. മോഹനൻ
15. „ എ. സി. മൊയ്തീൻ
16. „ സി. കെ. നാണു
17. „ പി. നാരായണൻ
18. „ എം. പ്രകാശൻ മാസ്റ്റർ
19. „ കെ. രാധാകൃഷ്ണൻ
20. „ എൻ. രാജൻ
21. „ കെ. പി. രാജേന്ദ്രൻ
22. „ രാജു എബ്രഹാം
23. „ ടി. പി. രാമകൃഷ്ണൻ
24. „ സാജു പോൾ
25. „ കെ. പി. സതീശ്ചന്ദ്രൻ
26. „ എ. സി. ഷൺമുഖദാസ്
27. „ ഷിബു ബേബി ജോൺ
28. „ പി. എസ്. സുപാൽ
29. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ 39

പ്രതികൂലിക്കുന്നവർ 29

നിഷ്പക്ഷത പാലിക്കുന്നവർ ..... ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

GPM.2/610/2012—35

LIBRARY ARCHIVES Kerala Legislative Assembly

ഇനി ഒരു ബില്ലുകൂടിയുണ്ട് നാളെ എല്ലാംകൂടി പറ്റുമോ? ഇതിൽ രണ്ട് ഓപ്ഷനുണ്ട്. ഈ സെക്ഷനിൽ കുറെയധികം ബില്ലുകൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. പക്ഷേ, ഏതാണ്ട് എല്ലാം ഫിനിഷിംഗ് സ്റ്റേജിലായി. ഇനി അത് വേറെ ഒരു സഭയിൽ വയ്ക്കുന്നത് മോശമാണ്. അതുകൊണ്ട് എന്റെ ഒരു അഭിപ്രായം നാളെ രണ്ട് മണിക്കുശേഷം നാല് മണിവരെ ഇരിക്കാൻ തയ്യാറാണെങ്കിൽ നമുക്ക് എല്ലാം തീർക്കാം എന്നുള്ളതാണ്. അല്ലെങ്കിൽ ചോദ്യോത്തരവും സബ്മിഷനും നിർത്താം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചോദ്യോത്തരം നിർത്താൻ പറ്റുകയില്ല. അത് പാടില്ല.

ശ്രീ. ബിനോയ് വിശ്വം: സർ, സബ്മിഷൻ പലതുമുണ്ട്. അത് ഇല്ലാതാകാൻ പാടില്ല. മണ്ഡലത്തിലെ പല കാര്യങ്ങളും പറയേണ്ടതുണ്ട്. സബ്മിഷൻ ഒഴിവാക്കാൻ പാടില്ല.

മി. സ്പീക്കർ: ഒരു കാര്യം ഞാൻ പറയാം. സബ്മിഷനെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിൽ ഏറ്റവും അധികം സബ്മിഷൻ തന്നയാളാണ് ഞാൻ. നാളെയാണെങ്കിൽ ചോദിച്ച എല്ലാവർക്കും കൊടുത്തിട്ടുമുണ്ട്. പക്ഷേ, പ്രശ്നം അതല്ല. ഇവിടെ അങ്ങനെ സമീപിക്കുമ്പോൾ നിങ്ങൾകൂടി സഹായിക്കാൻ തയ്യാറാകണം. അപ്പോൾ നാളെ ഉച്ചതിരിഞ്ഞ് ഇരിക്കാം എന്ന അടിസ്ഥാനത്തിൽ നമുക്ക് എഗ്രി ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബിൽ വേണമെങ്കിൽ ഇപ്പോൾത്തന്നെ എടുത്തുതീർക്കാം.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് (അമെന്റ്മെന്റ്) ബിൽ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, യഥാർത്ഥത്തിൽ ഈ ബിൽ ഒരു സെന്റിൻസേയുള്ളു. സത്യം പറഞ്ഞാൽ രണ്ട് മൂന്ന് ഗവൺമെന്റുകളിൽ കിടന്ന് വന്നിട്ടുള്ള ഒരു ഐറ്റമാണ്. രണ്ട് ഭാഗത്തുനിന്നുമുള്ള ആളുകൾ അംഗീകരിച്ച മാറ്റങ്ങൾ മാത്രമേയുള്ളു. ഇവിടെ ഒന്ന രണ്ടഭേദഗതികൾക്കെതിരും ഏറെക്കുറെ തുല്യമായ അഭേദഗതികളും വന്നിട്ടുള്ളതു. അതുകൊണ്ട് ഇത് വളരെവേഗം പാസ്സാക്കാവുന്ന ബില്ലാണ്. നമ്മൾ ഇരുന്നാൽ അത് വേഗം പാസ്സാക്കാൻ പറ്റും.

7.00 P.M.]

മി.സ്പീക്കർ: ഇതിൽ എനിക്ക് ഒരു അഭിപ്രായം പറയാനുള്ളത് നമ്മൾ സദുദ്ദേശത്തോടെ ഇന്ന് ഒരു പരിപാടി വച്ചു. നമ്മൾ സഹകരിച്ചാൽ വലിയ താമസം കൂടാതെ നടത്താം. അല്ലെങ്കിൽ അവരെ അപമാനിക്കുന്ന രീതിയിൽ ആവും. അതുകൊണ്ട് പ്ലീസ് കോ-ഓപ്പറേറ്റ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് (അമെന്റ്മെന്റ്). ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly